# VISWANATHAN

## By Rajiv Kaun Nair

MBL- 9497599488

### അധ്യായം 1

അതിസമ്പന്നതയിൽ പ്രശസ്തമായ അറേബ്യൻ നഗരം . അംബര ച്ചുംബികളായ അനേകം കെട്ടിടങ്ങൾ പല വർണ്ണത്തിലും വലിപ്പത്തിലും തലഉയർത്തി നില്ക്കുന്നു. എണ്ണ പ്പനകളും അലങ്കാര വൃക്ഷങ്ങളും കൊണ്ടലങ്കരിച്ച രാജവീധികൾ . ആധുനീക സൌകര്യങ്ങൾ എല്ലാമോരുക്കിയ ആരാമങ്ങൾ. കൊട്ടാര സദ്രിശ്യമായ വീടുകൾ. സമ്പൽ സമൃദ്ധമായ നഗരം. ആ നഗരത്തിലെ കൊട്ടാര സൌധങ്ങളിലോന്നിൽ ഒരു വയസ്സാൻ ഷൈക്ക് ഒറ്റക്കിരിക്കുന്നു . ആ വലിയ മുറി ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് കൊണ്ടുവന്നിട്ടുള്ള മനോഹരങ്ങളായ വസ്തുക്കൾ കൊണ്ടാലങ്കരിചിരിക്കുന്നു . `വലിയ സോഫകളും സ്വർണം പൂശിയ ഫർനീച്ചരുകളും ആയിരം രത്നങ്ങൾ തൂങ്ങിയാടുന്ന ഷാൻ ടിലിയറും  ആ ഭവനത്തിന്റെ പ്രൗഢി വിളിച്ചോതുന്നു.



ഷൈക്ക് ആരെയോ അക്ഷമയോടെ കാത്തിരിക്കുകയാണ്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് സമയം നോക്കുന്നുണ്ട് . അസോസ്തനാണയാൽ എന്തിനെയോ ഭയപ്പെടുന്നു . ഓരോ തവണ ക്ലോക്കിൽ നോക്കുമ്പോഴും ഭയത്തിന്റെ ലാഞ്ചനകൾ മുഖത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. അയാൾ കാത്തിരിക്കുന്നത് അശുഭകരമായ എന്തിനെയോ ആണന്നു സ്പഷ്ട്ടം .

രണ്ടു സ്ത്രീകൾ സാവദാനം അവിടേക്ക് കടന്നുവന്നു . ഒരാൾ അറുപതിനു മുകളിലും മറ്റെയാൾ നാല്പ്പതിനോടടുത്തും . അവരോടിരിക്കാൻ വൃദ്ധൻ കൈകൊണ്ടു കാണിച്ചു . പ്രായമുള്ള സ്ത്രീ വൃദ്ധന്റെ അടുത്തും മറ്റേ സ്ത്രീ എതിർവശത്തുള്ള സഫയിലും ഇരുന്നു . സ്ത്രീകളുടെ മുഖഭാവം അത്യന്ധം ദയനീയം . അവരും വൃധനെപ്പോലെ തന്നെ വരാനിരിക്കുന്ന എന്തിനെയോ ഓർത്ത് ഭയപ്പെട്ടിരിക്കുന്നു. സോഫയിലിരുന്നപാടെ അവരും നോക്കിയത് നേരെ ക്ലോക്കിലെക്കാണ്.

അവർ പ്രധീക്ഷിക്കുന്ന സമയം അടുത്തെന്ന് തോന്നുന്നു . വൃദ്ധൻ കൂടുതൽ തെയ്യാരെടുപ്പോടെ ഒന്നനങ്ങിയിരുന്നു. സ്ത്രീകളെ മാറിമാറി നോക്കി പിന്നെ ക്ലോക്കിലേക്ക് നോക്കി. അയാളുടെ ശാസ്വോച്ചുഅസ്സം വേഗത്തിലാവാൻ തുടങ്ങി . ക്ലോക്കിലെ സമയസൂജികളുടെ ചലനം ശരിയെന്നുറപ്പുവരുത്താൻ കയ്യിൽകെട്ടിയിരിക്കുന്ന വാച്ചിലും നോക്കുന്നു . അകന്നിരുന്ന സ്ത്രീ അയാളുടെ അടുത്തുവന്ന് ചേർന്നിരുന്നു. ക്ലോക്കിലെ സൂജി അവർ ഭയക്കുന്ന സമയത്തിലേക്ക് തെറിക്കുന്നതു കാണാനുള്ള മനക്കരുത്തി ല്ലാഞ്ഞിട്ടാകണം സ്ത്രീകൾ രണ്ടുപേരും

പെട്ടന്ന് മുഖം കുനിച്ചു. വൃദ്ധൻ ഭയംപൂണ്ട കണ്ണുകൾ തുറിച്ച് ക്ലോക്കിൽ തന്നെ നോക്കിയിരുന്നു .

അവർ ഭയന്നിരുന്ന സമയം കഴിഞ്ഞും ക്ലോക്കിലെ സൂചികൾ ചലിക്കുന്നു . വൃദ്ധൻ ക്ലോക്കിൽ നിന്നും തന്റെ കണ്ണുകൾ പറിച്ചെടുത്ത് ചുറ്റുപാടുകൾ വീക്ഷിച്ചു . വീണ്ടും ക്ലോക്കിലും വാച്ചിലും മാറിമാറി നോക്കി . അയാൾക്ക് വിശ്വാസം വരുന്നില്ല . ആ സമയം കഴിഞ്ഞും ഒന്നും സംഭവിച്ചില്ല . ആശ്വാസത്തിന്റെ കിരണങ്ങൾ അയാളിൽ തെളിയാൻ തുടങ്ങി. കുനിഞ്ഞിരുന്ന സ്ത്രീകളെ അയാൾ തൊട്ടുണർത്തി. സ്ത്രീകൾ തലയുയർത്തി നേരെ ക്ലോക്കിലേക്ക് നോക്കി. അവരുടെ മുഖത്തു  ആശ്വാസത്തിന്റെ ചെറുപുഞ്ചിരി .

വൃദ്ധൻ ഒരു സിഗാറെടുത്ത് കത്തിച്ച് പുക ഊതിവിട്ടുകൊണ്ട് ഏസ്സിയുടെ റിമോട്ടെടുത്ത് തണുപ്പ്ക്കുറച്ചു. വലിയോരാപത്ത് ഒഴിഞ്ഞുപോയിരിക്കുന്നു. സ്ത്രീകൾ വൃദ്ധനെ നോക്കി പുഞ്ചിരിച്ചു . തണുപ്പ് കൂടുതലാണെന്ന് തോന്നുന്നു വൃദ്ധൻ റിമോട്ടെടുത്ത് ഏസ്സി ഓഫു ചെയ്തു. വൃദ്ധൻ സിഗാറിന്റെപുക ഊതി വിടുംബോഴാണ് അയാൾ ശ്രേദ്ധിച്ചത്  ഏസ്സി ഒഫുചെതിട്ടും മുറിയിൽ ഭയങ്കര തണുപ്പ് .  വൃദ്ധൻ ഭിത്തിയിൽ ഘടിപ്പിച്ചിരിക്കുന്ന എസ്സിയിൽ നോക്കി അതോഫാണ്.  പിന്നെന്താണിത്ര തണുപ്പ് അയാൾ ചുറ്റും കണ്ണോടിച്ചു .

ഈസമയം സ്ത്രീകൾ  അവരുടെ കൈകൾ കാലുകൾക്കിടയിൽ തിരുകി തണുപ്പകറ്റാൻ ശ്രേമിക്കുന്നു. തണുപ്പ് ക്രമാദിതമായി വർധിച്ചുക്കൊണ്ടിരുന്നു. വൃദ്ധന്റെ മുഖത്ത് പഴയ ഭയാശങ്കകൾ വീണ്ടും പ്രത്യക്ഷപ്പെടാൻ തുടങ്ങി. തണുപ്പ് കൂടിക്കൊണ്ടിരുന്നു . വൃദ്ധന്റെ വെളുത്തുനീണ്ട താടിരോമങ്ങൾ വിറക്കാൻ തുടങ്ങി . പുതക്കാനായി എന്തെങ്കിലും കിട്ടാൻ അയാൾ ചുറ്റും പരതി. ഒന്നും കണാതെവന്നപ്പോൾ  പുറകിലെ ജനാലയിലെ പട്ടുകർട്ടൻ വലിച്ച് പറിച്ചെടുത്ത്  അയാൾ പുതച്ചു . സ്ത്രീകൾ രണ്ടുപേരും n ആ കർട്ടന്റെ അഗ്രങ്ങൾ ബലമായി വലിച്ച് തങ്ങളെയും അതിന്നുള്ളിലാക്കി.

തണുപ്പ് എല്ലും തുളച്ചുകയറി വൃദ്ധൻ വളഞ്ഞുകുനിഞ്ഞ്പോയി. അയാൾ ശ്വാസമെടുക്കാൻ പ്രയസ്സപ്പെടുമ്പോൾ അയാളുടെ താടിരോമങ്ങളിൽ   മഞ്ഞു തുള്ളികൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി . വൃദ്ധന്റെ കണ്ണുകൾ തുറിച്ച് പുറത്ത് വന്നു . അവർ പുതച്ചിരുന്ന പുതപ്പിലും മഞ്ഞുകണങ്ങൾ വന്നുനിറഞ്ഞു.

വൃദ്ധൻ നിശ്ചലനായി. അപ്പോഴും അയാളുടെ ഇരുവശങ്ങളും ഉയർന്ന് താഴുന്നുണ്ടായിരുന്നു.  സ്ത്രീകൾ കൊടും തണുപ്പിനോട് മല്ലടിക്കുന്നു.

ഫർണീച്ചർകളെല്ലാം വെളുത്ത മഞ്ഞു വന്നുനിറഞ്ഞു. വൃദ്ധന്റെ ഇരുവശങ്ങളും എപ്പോഴോ നിശ്ചലമായി.

ആ മുറിയിൽ ഇപ്പോൾ മഞ്ഞുകൂനകൾ മാത്രം. കർട്ടൻ നീക്കപ്പെട്ട ജനാലയിലൂടെ നഗരം കാണാം. കുറച്ചു സമയം മുമ്പ് വരെ ആഡംബരത്തിന്റെ പരിയായമായിരുന്ന ആ നഗരം മഞ്ഞു മലയായി മാറിയിരിക്കുന്നു. വലിയ കെട്ടിടങ്ങൾ മഞ്ഞു പർവ്വതത്തിലെ കൊടുമുടികളെ പ്പോലെ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നു. നോക്കെത്താ ദൂരം മഞ്ഞു മാത്രം. വെളുത്ത മഞ്ഞുമാത്രം.



## അധ്യായം 2

വില്ലുപുരം ഗ്രാമം . കാർഷിക വൃത്തിയെ ആശ്രേയിച്ചു കഴിയുന്ന ഗ്രാമിണർ. തങ്ങളുടെ കൃഷി ഭൂമിയുടെ വലിപ്പത്തിനനുസരിച്ച് വലിയ മുതലാളി മാരും ചെറിയ മുതലാളി മാരും പണിക്കാരും ഒക്കെയായി സോയം അവരോതിച്ചു നടക്കുന്നവർ. പെരിയ വേലു കൌണ്ടർ ആ ഗ്രാമത്തിലെ തരക്കേടില്ലാത്ത ഒരു മുതലാളിയാണ് . കൃഷിഭൂമിയും പൈക്കളും കൂടാതെ തെരുവിലെ പല കടമുറികളും വേലു കൌണ്ടറിന്റെതാണ്. പിച്ചത്തരം പെരിയവെലു കൌണ്ടറിനു ജന്മസിദ്ധമാണ്. കൌണ്ടറിന്റെ മകൾ മൈഥിലി. പല നിറങ്ങളിലുള്ള ആഭരണങ്ങളും വസ്ത്രങ്ങളും ധരിച്ചവൾ ആ ഗ്രാമത്തിൽ ഒരു പൂമ്പാറ്റയെപ്പോലെ ഉല്ലസ്സിച്ചു നടക്കുന്നു.

കൌണ്ടാരിന്റെ കട മുറിയിലാണ് വെങ്കിയുടെ ജ്യോതിഷാലയം. ശ്രി. വെങ്കിടേഷ് പ്രസാദ് ശർമ, ജ്യോതിഷ രത്നം ജ്യോതിഷ ഭൂഷണം എന്ന വലിയ ബോർഡ് വച്ച് ആ നാട്ടുകാരുടെ സകല പ്രശ്നങ്ങൾക്കും ലളിതമായി പരിഹാരങ്ങൾ നിർദേശിച് അവരുടെയെല്ലാം അടുത്തയാളായി കഴിയുന്നു .

വെങ്കിയുടെ സഹായി സെൽവൻ. അവന് വെങ്കിയെക്കാൾ തിരക്കാണ് . വെങ്കിയുടെ ഭക്ഷണവും വസ്ത്രവും പിന്നെ അവിടെ വരുന്ന  സന്ദർശകരെ നിയന്ത്രി ക്കലും എല്ലാം അയാളുടെ ചുമതലയാണ്.

വെങ്കി അല്പ്പം മോടെണായ ജ്യോല്സ്യനാണ്. തുറന്നു വച്ച ലാപ്ടോപ്പും ടീവിയും എക്സി കുട്ടീവ് ചെയറും ഒക്കെ യുള്ള ഹൈടെക്ക് ജ്യോതിഷാലയമാണ്. തികഞ്ഞ ആരോഗ്യ ബോധ മുള്ളയാളുമാണ് വെങ്കി. രണ്ടു ക്ലൈണ്ടുകളെ കണ്ടു കഴിഞ്ഞാൽ ഒരു ഇടവേള എടുത്ത് കുറച്ചു സമയം ത്രെടുമില്ലിൽ ഓടും.  ആ സമയം ടീവി കാണുകയും ചെയുന്നത് പതിവാണ്.



ഒരു ദിവസ്സം തന്റെ വീട്ടിലെത്തിയ കൌണ്ടർ മകൾ മൈഥിലിയെ ദേഷ്യപ്പെട്ട് വിളിച്ചു.  വിളിയുടെ കാടിന്ന്യത്തിൽ പന്തികേട് തോന്നിയ കൌണ്ടരിന്റെ ഭാര്യ ഓടിയെത്തി. മൈഥിലി അമ്മക്ക് പുറകിൽ വന്നുനിന്നു. കൌണ്ടർ ദേഷ്യം കൊണ്ട് വിറക്കുന്നുണ്ടായിരുന്നു .

'നിനെക്കെന്താടീ ജ്യോൽസ്യൻ വെങ്കീടടുത്ത്  കാര്യം.  നീ ഏതു  സമയവും അവിടെ കയറിയിറങ്ങുന്നതെന്തിനാ' ?

മൈഥിലി തല കുനിച്ചു നിന്നതല്ലാതെ ഒന്നും പറഞ്ഞില്ല.  കൌണ്ടരിന്റെ ഭാര്യ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു

'അവൾക്കതാണിഷ്ട്ടമെങ്കിൽ  നമുക്കതോന്ന് ആലോജിച്ചു കൂടെ ?

'ഫാ  എരപ്പാളി' !   കൌണ്ടര്ക്ക് കോപം ഇരട്ടിയായി.

'എങ്കി  ഞാനിപ്പോതന്നെ അവനെ അവിടന്ന് ഇറക്കി വിട്ടേക്കാം'

കൌണ്ടർ തന്റെ രണ്ടു മല്ലൻമാരെയും വിളിച്ചുകൊണ്ട് തെരുവിലേക്കിറങ്ങി.

വെങ്കിയുടെ ജ്യോതിശാലയത്തിനു മുന്നിലെത്തി അയാൾ അലറാൻ തുടങ്ങി .

'ഇറങ്ങി വാടോ പുറത്തേക്ക്  എനിക്ക് തന്റെ വാടകേം വേണ്ടാ ഒരുകുന്തോം വേണ്ടാ.   ഇപ്പൊ ഇറങ്ങിക്കോണം ഇവിടന്ന്'

അവിടെ ഉണ്ടായിരുന്ന നാട്ടുകാർ ഇടപെട്ടു

' എന്താ    എന്താ കാര്യം ?

കൌണ്ടർ പറഞ്ഞു

' ഇവൻ ജ്യോല്സ്യനോന്നും അല്ല. നാട്ടിലെ പെണ്

കുട്ടികളെ ചീത്തയാക്കാൻ വന്നെക്കുന്നവൻ ആണ്'

നാട്ടുകാർ അതിനോട് യോജിച്ചില്ല

' വെങ്കി അങ്ങനെയുള്ള ആളൊന്നുമല്ല.  അയാൾ എന്ത് ചെയ്തെന്നാ നിങ്ങൾ പറയുന്നേ ?

' ഇവൻ എന്റെ എട്ടും പൊട്ടും തിരിയാത്തെ   മകളെ കണ്ണും കയ്യും കാട്ടി പാട്ടിലാക്കാൻ നോക്കുന്നു.  ഇവൻ ഇപ്പൊ ഇവിടന്ന് ഇറങ്ങിക്കോണം "

ശബ്ദം  കേട്ട് വെങ്കി പുറത്തേക്ക് വന്നു.  എന്നിട്ട് പറഞ്ഞു

'ഞാനൊരു ബ്രെഹ്മചാരി യാണ്.   ഞാൻ ആരോടും അങ്ങിനെ യൊന്നും പെരുമാറിയിട്ടില്ല '.

നാട്ടുകാർ വെങ്കിയുടെ പക്ഷം ചേർന്നു.

' വെറുതെ മാന്ന്യൻമാരെ മോശമാക്കരുത്.  നിങ്ങൾ നിങ്ങളുടെ മകളെ നന്നായി വളർത്തു'

കൌണ്ടർ പൊട്ടിത്തെറിച്ചു

' ശരി  ഞാനെന്റെ മകളെ നന്നായി വളർത്തിക്കോളാം.  ഇവൻ ഇപ്പൊ ഇവിടന്ന് ഇറങ്ങണം'

വെങ്കി പറഞ്ഞു

' കടമുറി നിങ്ങളുടെ താണ് ഞാനതിനു വാടകേം തരുന്നുണ്ട് . ഇനി ഒഴിയണമെങ്കിൽ എനിക്ക് നോട്ടീസ്സ് തന്നേക്ക് ഞാനൊഴിഞ്ഞുകോളളാം.

നാട്ടുകാരേറ്റുപിടിച്ചു

' ആ പറയുന്നത് ന്യായമാണ്. ഒരു വാടക ക്കാരന് ഒഴിയാൻ ഒരു മാസത്തെ യെങ്കിലും സമയം കൊടുക്കണം . അല്ലാതെ പെട്ടന്ന് വന്ന് ഇപ്പൊ ഒഴിയണം എന്ന് പറഞ്ഞാൽ ഇയാളെവിടെ പ്പൊകും' ?

' ശരി മുപ്പത് ദിവസ്സതിന്നുള്ളിൽ നീ ഇവിടന്ന് ഒഴിഞ്ഞു പോണം' കൌണ്ടർ മസ്സില്മാന്മാരെയും കൂട്ടി തിരിഞ്ഞു നടന്നു .

വെങ്കി സെൽവന് നേരെ കണ്ണുരുട്ടി

'നീയാണിതിനൊക്കെ കാരണം'

'ഞാനെന്തു ചെയ്തിട്ടാ '

സെൽവൻ പറഞ്ഞു

' അവളുടെ കൈ നോക്കണം കാലുനോക്കണം എന്നൊക്കെ പറഞ്ഞപ്പോ അണ്ണനല്ലേ നീ രാജകുമാരിയെ പ്പോലെ ജീവിക്കും എന്നൊക്കെപ്പറഞ്ഞത്'

' എന്നുപറഞ്ഞൂന്നോർത്തു . അവൾക്കിവിടക്കറങ്ങി നടക്കേണ്ട ആവശ്യമുണ്ടോ ?. ഇപ്പൊ അവക്കടെ അപ്പന്റെ വായിലിരിക്കുന്ന തൊക്കെ കേൾക്കേണ്ടി വന്നു. ഇനി ഇവിടെങ്ങാനും അവളെ കണ്ടാൽ മുട്ടുകാൽ ഞാൻ തല്ലിയൊടിക്കും'.

വെങ്കി പറഞ്ഞു നിർത്തി തിരിഞ്ഞു നോക്കിയതും ജനലിൽ മൈഥിലിയുടെ നിഷ്ക്കളങ്കമായ മുഖം . വെങ്കിയും സെൽവനും മുഖത്തോട് മുഖം നോക്കി

' ഞാനിനി ഇങ്ങോട്ട് വരില്ലാന്ന് പറയാൻ വന്നതാണ് '

വെങ്കി തൊഴുകൈയോടെ പറഞ്ഞു

' വളരെ ഉപകാരം'

മൈഥിലിയുടെ മുഖം വാടി. മെല്ലെ തിരിഞ്ഞവൾ നടന്നു പോയി .

'പാവം പെണ്ണ് ' സെൽവന് വളരെ വിഷമം തോന്നി .

'പാവം പെണ്ണ് പാവം പെണ്ണ് എന്ന് നീ പറഞ്ഞ കേട്ടാണ് ഞാനീ പുലിവാല് പിടിച്ചത് ' വെങ്കി സെൽവനെ ശകാരിച്ചു

സെൽവൻ ജനലിനരുകിൽ ചെന്ന് അവൾ പോകുന്നത് നോക്കി നിന്നു.

'ഇനി  ഇവടന്ന് ഒഴിഞ്ഞ് കൊടുക്കണ്ടേ ?  ശ്ശെ !  മാനക്കേടായി'.

'ഒരു വഴീണ്ട് . അണ്ണനവളെ കെട്ട്! അപ്പപ്പിന്നെ ഇവിടന്നോഴിഞ്ഞു കൊടുക്കണ്ടാല്ലോ'  സെൽവൻ പറഞ്ഞു.

വെങ്കിക്ക് ദേഷ്യം വന്നു  അയാൾ സെൽവന് നേരെ കൈയോങ്ങി

'നീ അയാളുടെ കൂടെ വന്ന മല്ലംമാരെ കണ്ടോ . വാഴ നനയുമ്പോൾ ചീരയും നനയും . നിനക്കും കിട്ടും നല്ലത് '.

'അണ്ണനീ മസ്സിലൊക്കെയുള്ളത്  വെറുതെയാ . ഞാനെങ്ങാനും ആയിരുന്നെങ്കിൽ'  സെൽവൻ പറഞ്ഞു നിർത്തിയില്ല ഒരാൾ പ്രശ്നം നോക്കാൻ വന്നു .

വെങ്കി പെട്ടന്ന് ഭാവ മാറ്റം വരുത്തി അയാളുടെ പേരും നാളും ചോതിച്ച് കവടി നിരത്താൻ തുടങ്ങി .

## അദ്ധ്യായം 3

അമേരിക്കയിലെ ഹൂസ്റ്റൻ നഗരത്തിലെ തിരക്കു കളിൽ നിന്നകന്ന്  ഒരു വില്ല



Dr. കോൾമാൻറ്റെ വീടാണത്. Dr. കോൾമാൻ നാസാ സ്പേസ്സ് റിസ്സർച്ച് സെന്ടറിൽ സൈന്ടിസ്ടാണ്. അദ്ധേഹത്തിന്റെ ഭാര്യ ജന്നെറ്റ് വലിയ ദേഷ്യത്തിലാണ് . അവർ ബ്രെഡ് ടോസ്റ്റു ചെയ്തു  തന്റെ ഭർത്താവിന് നൽകി ക്കൊണ്ട് പറയുന്നു

'ഇന്നലെ പറഞ്ഞു ഇന്ന് പോകാമെന്ന് . ഇപ്പൊ പറയുന്നു ഇന്നും നേരം കിട്ടില്ല  ഞാൻ പോകുന്നില്ല പോരെ

‘ഓ ഡാർലിംഗ്! നീ എന്റെ അവസ്ഥ ഒന്ന് മനസ്സിലാക്കു. ഞങ്ങൾ കുറെ നാളായി ഫോളോ ചെയ്യുന്നതാണ് . ഇന്നലെ യാണതിനെ കണ്ടു കിട്ടിയത് . ഇന്ന് മുഴുവൻ അതിന്റെ വിശകലനങ്ങളായിരിക്കും. അതുകൊണ്ടാണ് നിന്നോട് ഇപ്പ്രാവിശ്യം കൂടി തനിച്ചു പോയി ഡോക്ടറെ കാണാൻ പറയുന്നത്. നീ കണ്ടു കഴിയുമ്പോൾ ഞാൻ അദ്ധേഹത്തെ വിളിച്ചോളാം."

‘ഇതൊക്കെ തന്നെയല്ലേ എല്ലാ പ്രവിശ്യവും നിങ്ങൾ പറയാറുള്ളത് . ഇന്ന് ഇത്, ഇതിനു മുമ്പ് മറ്റെന്തോ ആയിരുന്നു . ജാനെറ്റ് സങ്കടവും അമർഷവും നിറഞ്ഞ സ്വരത്തിൽ പറഞ്ഞു.

ജാന്നെറ്റ് എട്ടുമാസ്സം ഗർഭിണി യാണ് . എല്ലാ പ്രാവിശ്യവും ചെക്കപ്പിനായി അവളുടെ കൂടെ ചെല്ലാമെന്ന് പറയാറുണ്ടെങ്കിലും കോൾമാൻടെ തിരക്ക് കാരണം അതിനു കഴിയാറില്ല . അവർക്ക് ഒരു മകനുണ്ട് ഏഴുവ യസ്സുകാരാൻ ജെഫ്ഫ് .

' നിങ്ങളെ പോലോരാളെ കല്ല്യാണം കഴിച്ചത് എന്റെ തെറ്റ് . അല്ലാണ്ടെന്തു പറയാനാ ' ജാന്നെറ്റ് ഒട്ടും അയയുന്നില്ല .

കോൾമാൻ ഒരു നമ്പറിട്ടു.

' ഈ വീക്കെന്റിൽ നമ്മൾ മിയാമിക്ക് പോകുന്നു. ഒരു മൂന്ന് ദിവസ്സത്തെ ട്രിപ്പ് '.

ജെഫ്ഫ് ഇതുകേട്ട് തുള്ളി ചാടാൻ തുടങ്ങി . ജാന്നെറ്റും കുറേശെ അയഞ്ഞെന്നു പറയാം . അവർ കോൾമാൻ ന്റെ ടോസ്റ്റിൽ ചീസ്സ് തേച്ചു കൊടുത്ത് സഹായിച്ചു.

സാഹജര്യം വരുതിയിലായെന്നു കണ്ടപ്പോൾ Dr കോൾമാൻ തന്റെ ഭാര്യയുടെ നിറ വയറിൽ തടവി ക്കൊണ്ട് പറഞ്ഞു

' നമ്മൾ മൂന്നു പേരല്ല മിയമിക്ക് പോകുന്നത് നാല് പേരാണ് . എന്റെ മോളും വരുന്നൊണ്ട് '. ജാന്നെറ്റ് ചിരിച്ചു

ജാന്നെറ്റിനും ജെഫ്ഫിനും ബൈ പറഞ്ഞ് Dr കോൾമാൻ തന്റെ ഓഫീസിലെക്കിറങ്ങി .




നാസയുടെ ഹൈ സെകൂരിട്ടി ഗൈറ്റുകൾ ഓരോന്നായി കോൾമാൻറെ കാറിനു മുമ്പിൽ തുറക്കപ്പെട്ടു . അദ്ദേഹം കോറിടോറിലൂടെ നടന്നു വരുന്നത് കണ്ട് അദ്ധേഹത്തിന്റെ സഹപ്രവർത്തകർ ഓടിക്കൂടി . അവർ വലിയ സന്തോഷത്തിലായിരുന്നു.

'CM , ഇന്നലെ നമ്മൾ കണ്ടത്തിയ കോമേറ്റിന് താങ്കളുടെ പേരിടാൻ നിർദേശി ച്ചിരിക്കുന്നു. -CM 1906- താങ്കൾക്ക് വിരോദം ഉണ്ടാവില്ല എന്ന് കരുതുന്നു' സ്റ്റീവ് എന്ന സഹപ്രവർത്തകൻ പറഞ്ഞു .

' അതെദായാലും നന്നായി . നമ്മുടെ യൊക്കെ കാലം കഴിഞ്ഞും നമ്മുടെ പേരുകൾ പേറി കുറെ നഷത്രങ്ങൾ ഉണ്ടാവുന്നത് നല്ലതല്ലേ .' Dr കോൾമാൻ അവരുടെ സന്തോഷത്തിൽ പങ്കു കൊണ്ടു

Dr കോൾമാൻ നാസയിലെ നക്ഷത്ര പഠന ശാഖ യുടെ തലവനാണ് . ഗാലക്സിക്കു അകത്തും പുറത്തു മുള്ള നക്ഷത്രങ്ങളെയും വാൽ നക്ഷതങ്ങളെയും കണ്ടെത്തി അതെക്കുറിച്ച് പഠിച്ച് വിവരങ്ങൾ നൽകുന്ന സംഗീർണമായ ശാസ്ത്ര ശാഖ യിൽ അതി പ്രധാനി യാണ്. ഡോ. കോൾമാൻനും സഹപ്രവർത്തകരും ഇന്നലെ കണ്ടെത്തിയത് ഒരു കോമെറ്റിനെയാണ്. ഈ വാൽല്നക്ഷത്രം നമ്മുടെ ഗാലക്ക്സിക്കു പുറത്തുനിന്നും സൌരയുധത്തിലേക്ക് പ്രവേശിച്ച് അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്ന ഒരു വാൽനക്ഷത്രമാണ്.

അദ്ദേഹം തന്റെ ഓഫീസിലെത്തിയതും കീബോർഡ് വലിച്ച് മോസുരുട്ടി ക്കൊണ്ട് മോനിറ്ററിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു



'സ്റ്റീവ്   ഇതിന്റെ വലിപ്പം അപാരം തന്നെ അല്ലെ '  വലിയ മീനാണ് കൊത്തിയിരിക്കുന്നത്.

'അര മണിക്കൂറിനുള്ളിൽ നമുക്ക് റിപ്പോർട്ട് കിട്ടും'  സ്റ്റീവ് പറഞ്ഞു

10:45 MEETTING WITH DIRECTOR SMP II  എന്ന് വാൾ സ്ക്രീനിൽ സ്ക്രോള് ചെയ്യുന്നത് കണ്ട്  അദ്ദേഹം എഴുന്നേറ്റ് കോണ്

ഫ്രെണ്ട്സ് ഹാളിലേക്ക് നടന്നു .

CM 1906 ന്റെ ഉറവിടം മുതൽ അന്ത്യം വരെയുള്ള കാര്യങ്ങൾ കൃത്യമായി കണ്ടുപിടിക്കാനുള്ള എല്ലാ സൗഗര്യങ്ങലും നാസയിലുണ്ട്. ഇന്ന് ചലിച്ചു കൊണ്ടിരിക്കുന്ന എല്ലാ വാൽനക്ഷത്രങ്ങളുടെയും ഡറ്റ ഇവരുടെ പക്കലുണ്ട്. ഇത്തരം ധാരാളം വാൽനക്ഷത്രങ്ങൾ ആകാശ ഗംഗയിലൂടെ പായുന്നുണ്ട്. ആ മീറ്റിങ്ങിൽ അതാത് ശാഘകൾ   **CM 1906** ന്റെ    പഠന റിപ്പോർട്ടുകൾ നൽകാൻ തുടങ്ങി .

സ്റ്റീവ് റിപ്പോർട്ട് വായിച്ചു

'CM 1906 ന്റെ കോർ  ലോഹസംഘരമാണ്.  അതിന്റെ ഫോട്ടോസ്ഫിയർ വാതകവും ജലാംശവും നിറഞ്ഞതാണ്.  കണ്

വെക്റ്റീവ് സോണ്

ദ്രവവും മൃതുവുമാണ്.

'എന്താണത്തിന്റെ  സൈസ്?  Dr. കോൾമാൻ ചോദിച്ചു

'അത്   എയ്റ്റീൻ നോട്ട് ടു.  ഏതാണ്ട് ഭൂമിയുടെ അഞ്ചി രട്ടി . ഫോട്ടോസ് ഫിയർ ടോട്ടൽ   മാസ്സിന്റെ  പകുതിയിലേറെ വരുന്നത് കൊണ്ട് ആക്ച്ചു ൽ സൈസ് ഭൂമിയുടെ   ഇരട്ടി പ്രദീക്ഷിക്കാം'  സ്റ്റീവ് മറുപടി പറഞ്ഞു  .

കോൾമാൻ ചോദിച്ചു

'ലൊക്കേഷൻ  സ്പീഡ് ആൻഡ് ഡയറക്ഷൻ ?

'സ്പീഡ് അറ്റ് 87000 മൈൽസ്  ടുവാട്സ്   27.2 ഡിഗ്രീ .  14 ദിവസ്സതിന്നുള്ളിൽ ടെറിസ്റ്റൊറിയൽ ഏറിയയിൽ പ്രവേശിക്കും'

Dr കോൾമാൻ എല്ലാവരെയും നോക്കിക്കൊണ്ട് പറഞ്ഞു

'ചൊവ്വയും ഭൂമിയുമുള്ള  ടെറിസ്റ്റൊറിയൽ ഏറിയയിൽ നമ്മൾ കൂടുതൽ ശ്രേദ്ധിക്കണം'

കൊമാറ്റിന്റെ  ഈ  സോണി ലൂടെയുള്ള യാത്ര ശാസ്ത്ർക്ജ്ഞ മാരെ സംബന്ധിച്ച്  അതിപ്ര ധാനമാണ്. നാസയുടെ വിവിധ  ശാഗകൾ   DR. കോൾമാൻന്റെ നേത്രുത്തത്തിൽ  എഗോപിപ്പിച്ചു കൊണ്ടുള്ള പഠനങ്ങളാണ് നടക്കുന്നത്.

കോൾമാൻ എഴുന്നേറ്റ് ക്കൊണ്ട് ചോതിച്ചു

'എപ്പോൾ എനിക്ക് ഡയറക്ഷൻ ചാർട്ട്കിട്ടും ?

'ഒരു മണിക്കൂറിനുള്ളിൽ'

'താങ്ക് യു'   Dr കോൾമാൻ മീറ്റിങ്ങ് അവസാനി പ്പിച്ച് മോണിറ്റർ റൂമിലേക്ക് നടന്നു



നൂറുകണക്കിന് മോണിറ്ററുകൾ വച്ചിട്ടുള്ള മോണിറ്റർ റൂമിൽ ശൂന്യാകാശത്തെ ഓരോ വസ്തുവിനെയും തല നാരിഴ കീറി പരിശോ ദിക്കാനുള്ള അതി സങ്കീർണ്ണ മായ ഉപകരണങ്ങൾ സചജീകരിച്ചിരിക്കുന്നു . Dr കൊള്മാന്റെ മൊബൈൽ ശബ്ദിച്ചു . അത് ജാന്നെറ്റ് ആയിരുന്നു . ഡോക്ടറെ കണ്ടു എന്നു പറയാനാണ് വിളിച്ചത്. മോണിട്ടറുകളിൽ നോക്കിനിന്ന്കൊണ്ട് DR.കോൾമാൻ സംസാരിച്ചു

' ഓ അത് നന്നായി . ഞാൻ അദ്ധേഹത്തെ ഇപ്പോൾ വിളിക്കാം. ടെക്ക് കെയർ.' ഫോണ്

കട്ട്ചെയ്ത് പോക്കറ്റി ലിട്ടു.

അദ്ദേഹം തിരക്കി ലായതു കൊണ്ടാണ് ജാന്നെറ്റി നോട് കൂടുത ലൊന്നും സംസാരി ക്കാതിരുന്നത്. പുതിയ കൊമ്മെറ്റിന്റെ കാര്യത്തിൽ അകാംഷാ ഭരിതനാണ് .

പക്ഷെ ജാന്നെറ്റ് അങ്ങനെ അല്ലല്ലോ. അവർക്ക് പലതും അദ്ധെഹ ത്തോട് പറയാനുണ്ടായിരുന്നു . പ്രത്യെഗിച്ച് മിയാമി ട്രിപ്പിനെ ക്കുറിച്ച് . അത് പക്ഷെ നടന്നില്ല . അവർ വീണ്ടും അവരെ തന്നെ ശപിച്ചു . എന്തൊരു തെരക്കാണ് തന്റെ ഭർത്താവിന്. ഓഫീസിലേക്ക് പോയാൽ ജോലി മാത്രം . ഇടയ്ക്കു തോന്നാറുണ്ട് ഇയാൾക്ക് ജോലിയാണ് കുടുംബത്തേക്കാൾ പ്രധാനം എന്ന് .

Dr. കോൾമാൻ കോറി ടോറി ലൂടെ ദിറുധിയിൽ നടക്കുമ്പോൾ അദ്ധേഹത്തിന്റെ മൊബൈൽ പിന്നെയും ശബ്ദി ച്ചു. ഇത്ത വണ ജെഫ്ഫാണ് ലൈനിൽ. അറിയേണ്ടത് മിയാമി ട്രിപ്പിനെ ക്കുറിച്ചും. അയാൾ ക്ഷമ നശിച്ച വനെപ്പോലെ ജെഫ്ഫിനോട് സംസ്സാരിച്ചു .

'പോകാമെന്ന് പറഞ്ഞതല്ലേ  പിന്നെന്തിനാണ് കൂടെ കൂടെ വിളിക്കുന്നത് '.

ആ കുട്ടി ഭയന്ന് പോയി

' DAD ഞാൻ കഴിഞ്ഞ രണ്ടാഴ്ചയിൽ ആദ്യമായിട്ടാണ് വിളിക്കുന്നത് '

'ഉം   ശരി   ശരി '   ഫോണ്

കട്ട് ചെയ്ത് പോക്ക റ്റി ലിട്ടു .

പ്രാഥമിക പഠന റിപ്പോർട്ടുകൾ  എത്തി തുടങ്ങി എവരെയും ആലോസരപെടുത്തുന്ന  വിവരങ്ങളാണതിൽ   ടെറെസ്ട്രിയൽ  എരിയയിൽ പ്രവേശിച്ച്   ഭൂമിയായി കൂട്ടിയിടിക്കാനുള്ള സാധ്യതകളാണ്  പ്രാഥമിക റിപ്പോർട്ടിൽ നിന്നും തെളിയുന്നത് .  ഡിറെക്ഷൻ ചാർട്ട് കണ്ട് കോൾമാൻ ഞെട്ടി .

' ഈ നശിച്ച ത് ഭൂമിയിൽ വന്നിടിക്കാനുള്ള സാദ്യത കാണുന്നു.   ഗോഡ് '

എല്ലാവരും വളരെ ഗൌരവമായി വാൽനക്ഷത്ര ത്തിന്റെ സഞ്ചാര പഥം വീക്ഷിക്കുന്നു .    എല്ലാ വരിലും കടുത്ത ആകാംക്ഷ നിറഞ്ഞു നിന്നു.

ഡോ. കോൾമാൻ  ജനെറ്റിനെ വിളിച്ചു  സൌമ്യമായി  വിശേഷങ്ങൾ തിരക്കിയ ശേഷം ക്ഷമാപണത്തോടെ  അദ്ദേഹം പറഞ്ഞു

' ഞാൻ പറഞ്ഞിരുന്നില്ലേ ഒരു കൊമ്മേട്ടിന്റെ കാര്യം, അത് നമുക്കൽപ്പം ദൂഷ്യം ചെയ്യുമെന്നാണ് തോന്നു ന്നത് . നമ്മുടെ മിയാമി ട്രിപ്പ് അല്പ്പം മാറ്റി വക്കേണ്ടി വരും'

ജാന്നെറ്റ് പൊട്ടിത്തെറിച്ചു .


'നിർത്തുന്നുണ്ടോ   നിങ്ങളുടെ സ്റ്റാർസും കൊമ്മേ റ്റും'   അവർ ഫോണ്

കട്ട് ചെയ്തു .

കോൾമാന് പാഴാക്കാൻ സമയ മുണ്ടായിരുന്നില്ല . അദ്ധേഹം  തന്റെ പ്രവർത്തികളിൽ മുഴുകി.

പ്രദമ വിവര റിപ്പോർട്ടുകൾ എല്ലാം അതാത് ശാഗ കളിൽ നിന്ന് എത്തി .

വൈകുന്നേരം  7:45 - ഓടെ   ആ ഞെട്ടിക്കുന്ന സത്യം ഡോ.കോൾമാൻ സ്ഥിതീകരിച്ചു.



‘ഇന്നേക്ക് 29- -- ദിവസം CM 1906 ഭീമാകാരനായ വാല്നക്ഷത്രം ഭൂമിയുമായി നേർക്ക് നേർ കൂട്ടി യിടിക്കും . ഈ കൂട്ടി യിടിയിൽ ഭൂമി ചിന്ന ഭിന്ന മായി തെറിച്ചു പോകും. ഇപ്പോൾ കോമറ്റിന് ഭൂമിയുടെ രണ്ടിരട്ടി വലിപ്പ മുണ്ട് അതിന്റെ സഞ്ചാര പഥത്തിൽ വ്യാസ ത്തിന്നു കാര്യമായ കുറവ് പ്രെദീക്ഷി ക്കുന്നില്ലങ്കിലും ഭൗമാ ന്തരീക്ഷത്തിൽ പ്രവേശി ക്കുമ്പോൾ ഘ ർ ഷണം മൂലം ഭൂമിയെ മുട്ടുന്ന സമയം ഏതാണ്ട് ഭൂമിയുടെ പകു തി വലിപ്പം ഉണ്ടായിരിക്കും ഈ കുട്ടിയിടിയെ അതിജീവിക്കാൻ ഭൂമിക്കാവുമെന്ന് കരുതുന്നില്ല .

തകർന്ന മനസ്സോടെ എല്ലാ ശാസ്ത്ക്ജരും കൊല്മാന്റെ വാക്കുകൾ കേട്ടിരുന്നു .

എല്ലാ ബെന്തപ്പെട്ട ശാസ്ത്ര സമൂഹത്തിലെക്കും അറിയിപ്പ് പോയി . നാസയുടെ മോണിറ്റർ റൂമിൽ ചുവന്ന അക്കങ്ങളിൽ കൌണ്ടാവുൻ ക്ലോക്ക് മിന്നി തുടങ്ങി . അക്കങ്ങൾ തിരിഞ്ഞു കറങ്ങുന്ന ഈ ക്ലോക്കിലെ ആ നിർഭാഗ്യ സ്മയമെത്തുമ്പോൾ നമ്മുടെ ഭൂമി ചിതറി തെറിച്ചു പോകും .


കോടി കണക്കിന് വർഷങ്ങൾ കൊണ്ട് രൂപാന്തരപ്പെട്ട് മനുഷ്യ വാസ യോഗ്യമായ സൌരയുത ത്തിലെ സ്വാർഗ തുല്ല്യ മായ ഗ്രഹം . നമ്മുടെ ഭൂമി . ഇനി കേവലം കുറച്ചു ദിവസ്സങ്ങൾ മാത്രം .

രാതി 8.20 ന് അമേരിക്കൻ സ്റ്റെറ്റ് സെക്രട്ടറിയുടെ എമെർജെൻസ്സി പ്രസ് മീറ്റ് എല്ലാ ചാനലുകളിലും വന്നു. അദ്ദേഹം വികാര പരവശനായി ആ വാർത്ത ലോകത്തെ അറിയിച്ചു .

‘ജൂലൈ ഒന്നിന് അമേരിക്കൻ സമയം 6.47 PM ന് CM 1906 എന്ന ഭൂമിയുടെയോളം വലിപ്പം വരുന്ന വാൽ നക്ഷത്രം ഭൂമിയുമായി നേർക്കുനേർ കൂട്ടിയിടിക്കും എന്ന് നാസ സ്ഥിതീകരിച്ചു . ഇടിയുടെ

ആഘാതം ഭൂമിക്ക് താങ്ങാൻ കഴിയുമോ എന്ന് പരിശോദിച്ചു വരുന്നതെ യുള്ളൂ . ഈ കൂടിയിടി ഒഴിവാക്കാൻ നമ്മുടെ ശാസ്ത്ര സമൂഹത്തിന് കഴിയും എന്ന് പ്രത്യാശിക്കുന്നു . എല്ലാ ലോക രാജ്യങ്ങളും ഒറ്റ ക്കെട്ടായി ഭൂമിയെ രക്ഷിക്കാനുള്ള ശ്രേമങ്ങളിൽ പങ്ങാളി യാകണമെന്ന് അഭ്യർത്തിക്കുന്നു.

വാർത്താ ചാനലുകൾ എല്ലാം തന്നെ ഈ വാർത്ത അതീവ പ്രാദാന്യത്തോടെ പ്രക്ഷേപണം ചെയ്തു . മണിക്കൂ റുകൾ ക്കുള്ളിൽ തന്നെ ലോകത്തേറ്റവും കൂടുതൽ ചർച്ച ചെയ്യ പ്പെടുന്ന വിഷയമായി . ലോകം ഉൽ ഖണ്ടയുടെ മുൽമുനയിലായി.




ഗർഭാവസ്തയുടെ ആലസ്യത്തിലും മിയാമിക്ക് പോകാൻ കഴിയാഞ്ഞതിന്റെ മോഹഭങ്ങത്തിലും മയങ്ങി കിടന്നിരുന്ന ജാന്നെറ്റ് എഴുന്നേറ്റ് ടീവി വച്ചു. ഭൂമിയിലേക്ക് പാഞ്ഞടുക്കുന്ന രാക്ഷസ്സ കൊമെറ്റിന്റെ വിവരണങ്ങൾ കേട്ടവൾ ഞെട്ടി .

ഇടയ്ക്കു Dr കൊള്മാന്റെ പേരും ഉച്ച്ചരിക്കുന്നുണ്ടായിരുന്നു . നക്ഷത്രങ്ങളുടെ ചങ്ങാതി എന്നർത്ഥം വരുന്ന 'മാസ്റെർ മാറ്റിയോർ' എന്നാണു മീഡിയ അദ്ധേഹത്തെ അഭിസംബോതന ചെയ്തത്.

ഏതാനും ദിവസ്സങ്ങൽക്കകം ഈ ഭൂമി പൊട്ടി തകര്ന്നു പോകുമെന്ന വാർത്ത അവള്ക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു . അവൾ ജെഫിനെ വിളിച്ചു ഉറക്കെ കരഞ്ഞുപോയി . അവർ കൊള്മാനെ വിളിക്കാൻ ശ്രേമിച്ചെങ്കിലും കിട്ടിയില്ല . അവളുടെ മനസ്സിൽ വലിയ കുറ്റ ബോധം നിറഞ്ഞു നിന്നു. അദ്ദേഹം എത്ര വലിയ ദൗത്ത്യ് ത്തിലായിരുന്നു അതൊന്നും മനസ്സിലാക്കാതെ താൻ സ്വസ്ഥത കൊടുത്തില്ല . മോളുടെ വരവിനെ ഒരുപാട് പ്രെദീക്ഷിക്കുന്ന അദ്ദേഹം .. അവർ നിറവയർ തടവിക്കൊണ്ട് സോഫയിലേക്ക് ചാരിവീണ് .

## അദ്ധ്യായം 4

പതിവ് പോലെ രണ്ടു പേരെ നോക്കിയാ ശേഷം ത്രെണ്ടുമില്ലിൽ ഓടിക്കൊണ്ടിരുന്ന വെങ്കി ആ വാർത്ത ടീവിയിൽ കണ്ടുഞെട്ടി .

ഓട്ടം നിർത്തി അയാൾ വാർത്തയിൽ തന്നെ ശ്രേദ്ധിച്ചു . ചാനലുകൾ മാറ്റി നോക്കി എല്ലായിടത്തും ഭൂമിയിലേക്ക് വരുന്ന ഭീമൻ വാൽ നക്ഷത്ര ത്തെ കുറിച്ചായിരുന്നു . അയാളുടെ ശരീരത്തിലെ രേക്തയോട്ടം നിലച്ച പോലെ തോന്നി . അയാൾ സവതാനം ഇറങ്ങി തന്റെ കസ്സേരയിൽ വന്നിരുന്നു . വിശ്വസ്സിക്കാനാവുന്നില്ലാ .

വെങ്കി കസേരയിൽ വന്നിരിക്കുന്നത് കണ്ട് പുറത്തു കാത്ത് നിന്നിരുന്ന അടുത്ത ഊഴക്കരൻ അകത്തേക്ക് കയറി വന്നു . പ്രത്യേകിച്ചു മുഘവുര യൊന്നുമില്ലതെ അയാൾ വന്നകാര്യം പറഞ്ഞു .

‘എന്റെ മകന് നല്ലവല്ല ബെന്തോം വരുമോന്നറിയണമായിരുന്നു.

കുനിഞ്ഞിരിക്കുകയായിരുന്ന  വെങ്കി  തലയുയർത്താതെ തന്നെ പറഞ്ഞു

‘ഇനി ആർക്കെന്ത് ബന്തം വരാനാ

‘എനിക്ക് മനസ്സിലായില്ല ജ്യോല്സ്സ്യൻ ഒന്ന് തെളിച്ചു പറയു,’   ഊഴക്കരൻ പറഞ്ഞു

‘ഈ ഭൂമി തന്നെ പോട്ടിതകർന്നില്ലണ്ടാവാൻ പോകുന്നു’ . വെങ്കി തല യുയർത്തി അയാളെ നോക്കി .

വെങ്കിയുടെ നോട്ടവും ഭാവവും കണ്ട ഊഴക്കാരൻ  ഇരുന്നിടത്തെന്നെഴുന്നെറ്റ് പയ്യെ പുറത്തേക്കിറങ്ങി .  പുറത്തു വന്നയാൾ അവിടെ ഇരിക്കുന്നവരോടായി പറഞ്ഞു

‘ജ്യോല്സ്സ്യാണ് പ്രാന്ത് പിടിച്ചൂന്നാ തോന്നുന്നേ .പിച്ചും പേയും പറയുന്നു’

അവിടെ ഉണ്ടായിരുന്നവർ വാതിലിനിടയിലൂടെയും ജനലിലൂടെയും അകത്തെക്കെത്തി നോക്കി . വെങ്കി ഏതോ യോഗാസ്സനത്തിലെന്ന പോലെ രണ്ടുകയ്യും  നീട്ടിപ്പിടിച്ചു കണ്ണുമട ച്ചിരിക്കുന്നു . ആളുകൾ അടക്കം പറയാൻ തുടങ്ങി .

വെങ്കി കവടി നിരത്തി തിരിച്ചും മറിച്ചും ഗണിച്ചു നോക്കി. സുര്യാംശ്ത്തിൽ വന്നുടക്കി നിന്നു .  അയാൾക്കൊരെ ത്തും പിടിയും കിട്ടുന്നില്ല .  വിശ്വാസ

മാകാതെ വീണ്ടും ഗണിച്ചു . ഭൂമിക്ക് വളരെ മോശം സമയമാണ് . മൃത്യു സുനിശ്ചിതം . അയാളുടെ നെറ്റിയിൽ നിന്നു വിയർപ്പ് പൊടിഞ്ഞു വീണു . കണ്ണുകൾ ക്കിരുട്ടു മൂടിയപോലെ .

വെങ്കി താടിക്ക് കയ്യും കൊടുത്തിരിക്കുമ്പോൾ സഹായി സെൽവൻ ഓടിക്കിതച്ചു വന്നു

‘അണ്ണാ  എന്ത് പറ്റി  അണ്ണാ ?  അണ്ണന് പ്രാന്ത് പിടിച്ചെന്നു ആൾക്കാര് പറയാണ്.

‘സെൽവാ...    നീ ഉള്ളതും കൊണ്ട്  ഉടനെ നിന്റമ്മേടടുത്തു പോണം . ഒരുപാട് പൈസ്സയായായിട്ട് അമ്മയുടെ അടുത്ത് പോകണം എന്നല്ലേ നിന്റെ ആഗ്രഹം  പക്ഷെ അതിനൊന്നും ഇനി സമയമില്ലെടാ . നമ്മുടെ ഭൂമി അടുത്ത് തന്നെ പൊട്ടി തകർന്ന് പോകുമെടാ’

സെൽവന്  ഏതാണ്ട്ഉറപ്പായമട്ടിൽ

"അപ്പൊ   അണ്ണന്  ശരിക്കും  വട്ടയല്ലേ  ?

‘എടാ..  ഞാൻ  പറയുന്നതല്ല.  ബി  ബി  സില്  വാർത്ത  നീ  കേക്ക്  .

‘അതിനെനിക്ക്  ഇഞ്ഞ്ലീഷ്  അറിയേണ്ടേ  ?

‘അമേരിക്കയിലെ വല്ല്യേ ജ്യോതിഷന്മാർ കണ്ടെത്തിയതാടാ

"അണ്ണാ.. അണ്ണ നേലും വല്ല്യ ജ്യൊാൽസ്യനൊ ?

‘അണ്ണാ.. സഞ്ചീന്നു  സാതനൊടുത്തു  നേരത്തി നോക്കണ്ണാ  സംഗതി നേരാണോന്ന് " കവടിസഞ്ചി ചൂണ്ടി ക്കൊണ്ട് അവൻ പറഞ്ഞു.

വെങ്കി വികാരഭരിതനായി

"ഭൂമിക്കിപ്പം വളരെ മോശം സമയമാണെടാ. ഏഴാം ഭാവത്തിൽ കുജനും അഷ്ട്ട മത്തിൽ ചൊവ്വ യും .  മൃത്യു സുനിസ്ചിതം.

അണ്ണാ ..  പരിഹാരം  നോക്ക ണ്ണാ. സിദ്ധപ്പ കൌണ്ടറുടെ ഒളിച്ചോടി പോയ മോള് വള്ളിയെ പരിഹാരം ചെയ്ത്  തിരിച്ചു കൊണ്ട് വന്നതല്ലേ അണ്ണൻ . നോക്കണ്ണാ.

എടാ .. അതുപോലാണോഡാ  ഇത്.  ആ പരിഹാരം ഏറ്റില്ലായിരുന്നെങ്കിൽ സിദ്ധപ്പ ക്ക് പോയി . ഇത് നമ്മളെ ല്ലാരും പോകുല്ലേ ഡാ ..

വിഷയ ത്തിന്റെ   ഗൗരവം മനസ്സിലാക്കിയ ചിലരൊക്കെ   വ്യാകുല രായി വെങ്കി യെ കാണാൻ വന്നു . എല്ലവ രൊഡും  വെങ്കി  ഭൂമിയുടെ സമയ ദോഷ ത്തെ പറ്റി പറഞ്ഞു . അവരുടെയെല്ലാം സാന്നിദ്യത്തിൽ വെങ്കി ദോഷ പരിഹാരത്തിനായി കവടി നിരത്തി.



ദീർഘ  നേരത്തേ ക്ക്  ആരൂഢം മറഞ്ഞു തന്നെ നിന്നു.  അവസാനം ലഘ്നം തെളിഞ്ഞ് പരിഹാരങ്ങൾ   ഒന്നൊന്നായി വെങ്കി പറഞ്ഞു തുടങ്ങി .  മഹാ സോമയാഗം തന്നെ പ്രദിവിധി. കൂടി നിന്നവർക്കെല്ലം പരിഹാരം കിട്ടിയതിൽ സന്തോഷമായി. പക്ഷെ ഇത് വളരെ  ചിലവുള്ള താണ്.  കൂടി നിന്നവർ എല്ലാ സഹായങ്ങളും വാഗ്ദാ നം ചെയ്തപ്പോൾ വെങ്കിക്ക് ഉത്സാഹമായി

എത്രയും പെട്ടന്ന് യാഗം നടത്തണം.  സമയം  വളരെ ക്കുറവാണ്. ആളുകൾ എന്തിനും തെയ്യാറായി വെങ്കിക്കൊപ്പം  നിന്നു.  യാഗത്തിനുള്ള സ്ഥലവും സമയവും കുറിച്ചു

എല്ലാവരും തന്നെ യാഗതിനുള്ള സാമഗ്രഹികൾ ഒന്നൊന്നായി സ്വൊയം ഏറ്റെടുത്തു . പെരിയ വേലു കൌണ്ടരോട് യാഗതിന്നുള്ള 14 പശുക്കളെ സമർപ്പിക്കാൻ അഭ്യർത്തി ച്ചപ്പോൾ അദ്ദേഹം പറഞ്ഞു

‘ഞാൻ യാഗത്തിന് വേണ്ടുന്ന മുഴുവൻ ചാണകവും തരാം . ഇത് കേട്ട് ആളുകൾ ചിരിച്ചു .

പിന്നെ അയാൾ പശു ക്കിടവിനെ തരാമെന്നേറ്റു. പശുക്കിടാവേ ന്ത് ചെയ്യുവാനാന്ന് ചോതിച്ചപ്പോൾ അയാൾ പറഞ്ഞു

'പശുക്കിടാവല്ലേ പിന്നെ പശുവാകുന്നത് .

യാഗാജാര്യൻ വിശേശരയ്യ എത്തി . സ്വീകരിച്ചിരിത്തിക്കൊണ്ട് വെങ്കി പറഞ്ഞു

'ഇവിടെ മഹാസോമ യാഗം സൂര്യ പ്രീതി ക്കായി വേണം നടത്താൻ.

'അജാരങ്ങൾ നാരായണ നിലൂന്നിയാണ് ചെയ്യേണ്ടത്' വിശ്വേശരയ്യ പറഞ്ഞു .

'ഇവിടെ മഹാ സോമയാഗം സൂര്യ പ്രീതി ക്കായി തന്നെ വേണം' വെങ്കി പറഞ്ഞു

'അനുഷ്ട്ടാ നങ്ങളിൽ നുന്നു മാറി നാരായണനെ മറന്ന് എനിക്കൊന്നും ചെയ്യാൻ കഴിയില്ലാ' വിശ്വേശരയ്യ

'ആര് പറഞ്ഞു അനുഷ്ടാനങ്ങൾ മാറ്റെണമെന്ന്. പ്രത്യക്ഷ ത്തിലെ ജീവൊർജ്ജ ദായകനായ സൂര്യ ഭഗവാനെയല്ലേ നാമെല്ലാം മറന്ന് മറ്റെന്തിന്റെ യോക്കെയോ പുറകെ നടന്നത് . സൂര്യകോപം ഞാൻ ശരിക്കും ദർശിച്ചു. അപേക്ഷ യാണ് നടത്തി തരണം

'കലി കാലം അല്ലാണ്ടെന്താ' വിശ്വേശരയ്യ

യാഗ സ്ഥലത്ത് അതി വിപുലമായ യാഗപ്പുര ഉയർന്നു.




ആവശ്യത്തിലതികം സാമഗ്രികളും തന്ത്രി മാരും പുജാരിമാരും ഒതിക്കാരും സഹായികളും എത്തി ചേര്ന്നു. 18 നാൾ നീണ്ടു നിക്കുന്ന മഹാ സോമയാഗം

യാഗാജാര്യൻ വിശ്വേശരയ്യ യുടെ നേതൃ ത്തത്തിൽ വില്ല് പുരത്തെ മണ്ണിൽ തുടക്കം കുറിച്ചു.

യാഗ സ്ഥലത്തേക്ക് ആളുകൾ ഒഴുകിക്കൊണ്ടിരുന്നു . എല്ലാവർക്കും വേണ്ടത് എന്ത് വിലകൊടുത്തും ഭൂമിയെ രക്ഷിക്കണം . മൈഥിലി യും സെൽവനും മെല്ലാം കയ്യും മെയ്യും മറന്ന് പണി എടുക്കുന്നു . മൈഥിലിയെ അവിടെ നിന്ന് ഒഴുവാക്കി നിരത്താൻ കൌണ്ടർ ശ്രേമിക്ക് ന്നുണ്ടെക്കിലും അവൾ അതൊന്നും ചെവിക്കൊള്ളുന്നില്ല. യാഗത്തിന്റെ പ്രശസ്തി ഒപ്പം വെങ്കിയുടെയും ദേശങ്ങള പ്പുറ ത്തെക്കും വ്യാപിക്കാൻ തുടങ്ങി .

ദൂരെ ദിക്കിൽ നിന്നുപോലും ആളുകലെത്താൻ തുടങ്ങി . വലിയ പുരുഷാരത്തോടെ നടക്കുന്ന യാഗത്തെ പറ്റി ചാനലുകളും പ്രക്ഷേപണം ചെയ്തു തുടങ്ങി .



ആദുനീക ശാസ്ത്രം ഭൂമിയെ രക്ഷിക്കാനുള്ള ഒരു ഉപായവും നിർദേശി ക്കാനാവാതെ പകച്ചു നിൽക്കുമ്പോൾ ഇന്ത്യൻ ജ്യോതി ശാസ്ത്രം അതിന്റെ വിധിപ്രകാരമുള്ള മഹാ സോമ യാഗം നടത്തുന്നതായി BBC റിപ്പോർട്ട് ചെയ്തു .

അമേരക്കയിലെ കാലിഫോർണിയാ സർവ്വകലാ ശാലയിൽ നിന്നും ഗവേഷണ വിദ്യാർഥിനികളും അദ്യാപകരും എത്തിച്ചേർന്നു. ഇങ്ലീഷ് ചാനലുകൾക്ക് അഭിമുഖം കൊടുക്കാൻ അവരും വെങ്കിയെ സഹായിച്ചു പ്പോന്നു .ചാനൽ അഭിമുഖത്തിൽ വെങ്കി പറഞ്ഞു


> ‘അഗ്നിയിൽ തുടങ്ങി അഗ്നിയിൽ അവസ്സാനിക്കുന്ന ഈ മഹാ സോമ യാഗം സൂര്യ പ്രീതി ക്കായി നടത്തുന്നതാണ് . ഈ പ്രപഞ്ചത്തിലെ ഓരോ ഗ്രഹങ്ങളേയും നക്ഷതങ്ങളെയും ഓരോ അണുവിനെ പോലും ഊർജ്ജം നൽകി നിയന്ത്രിക്കുന്നത് സൂര്യ ദേവനാണ് . പ്രപഞ്ച സൃഷ്ട്ടി പ്ര ക്രിയയുടെ സൂഷ്മരൂപങ്ങൾ ശബ്ദരൂപ ത്തിലാണ് വെളിവാകുന്നത്. മനസ്സും പ്രാണനും വാക്കും ഉപാതിയാക്കി യോഗി വരന്മാരാൽ സൃഷ്ട്ടിയുടെ ഈ സൂഷ്മ

ധ്വനികൾ വേണ്ട വിധത്തിൽ സംവേധം ചയ്യപ്പെടുമ്പോൾ അത് മന്ത്രങ്ങളാകുന്നു. ഭൂമിയുടെരസം ജലം ജലത്തിന്റെരസം ഔഷദം ഔഷധങ്ങളുടെരസം പുരുഷൻ പുരുഷന്റെരസം വാക്ക് വാക്കിന്റെരസം ഋക്കും ഋക്കിന്റെരസം സാമവും സാമത്തിന്റെരസം ഉത്ഗീതവുമാകുന്നു. വിധി പ്രകാരം നടത്തുന്ന ഈ യാഗം തീർച്ചയായും ഭലം കാണും . നമ്മുടെ ഭൂമിദേവി ദോഷങ്ങൾ അകന്ന് ഒജസ്സോടും തേജസ്സോടും കൂടെ നീണാൾ വാഴും '

## അദ്ധ്യായം 5

കില്ലർ കൊമെറ്റിന്റെ തൽസ്തിതി BBC യും CNN ഉം അപ്പപ്പോൾ തന്നെ നൽകി ക്കൊണ്ടിരുന്നു . കടിഞ്ഞാണില്ലാത്ത കുതിരയെ പോലെയാണ് വാൽ നക്ഷത്രങ്ങൾ സ്വന്തമായി ഗ്രാവിറ്റി സെറ്റ് ചെയ്യ പെടാതെ സൌരയുദത്തിൽ ഗ്രെഹങ്ങൽക്കിടയിലൂടെ ലെക്ഷ്യമില്ലാതെ പായുകയും അന്തരീക്ഷ മുള്ള എ്യതെങ്കിലും ഗ്രേഹത്തിന്റെ ആകർഷണ വലയത്തിൽ എത്തുമ്പോൾ ഘർഷണം മൂലം കത്തി നശിക്കുകയുമാണ് വാൽ നക്ഷത്രങ്ങളുടെ പതിവ് . ഭൂമിയിൽ പലപ്പോഴായി വാൽ നക്ഷത്രങ്ങൾ വന്ന് പതിച്ചിട്ടുണ്ട് . റഷ്യയിലെ സൈബീരിയയിലും ആമ സോണി ലുമൊക്കെ വാൽ നക്ഷത്രങ്ങൾ വന്ന് പതിച്ച വലിയ ഘർത്തങ്ങൾ ഇപ്പോഴും കാണാം പക്ഷെ അതെല്ലാം താരതമ്മ്യേന ചെറുതായിരുന്നു . CM 1906 ഭൂമിയുടെ ഇരട്ടി വലിപ്പം ഉള്ളതാ ണത്രെ. ഇത്രയും വലിപ്പമുള്ള വസ്തു വന്നിടിച്ചാൽ ഒരു കാരണ വശാലും ഭൂമിക്കത് താങ്ങാൻ കഴിയില്ല . ആ ഇടിയുടെ ആഘാതത്തിൽ ഭൂമി കഷ്ണങ്ങളായി ചിതറി തെറിക്കും . പിന്നെ സൗരയുദത്തിൽ ബ്ലാക്ക് ഹോളെന്നു വിശേഷിപ്പിക്കുന്ന വെറും പൊടി

പടലങ്ങളായി അവശേഷിക്കും



. ലോകത്തിന് ഒരു പൊതു ശത്രു ഉണ്ടായ സാഹജര്യത്തിൽ  ഭൂമിയിലാദ്യ മായി മുഴുവൻ ലോകരുടെയും ഒരു കൂട്ടായ്മ രൂപ പെട്ടു. ഉത്തര കൊറിയയും ദെക്ഷിണ കൊറിയയും വൈരം മറന്നു ഇരു പ്രസിടെണ്ടു മാരും കെട്ടി പുണരുന്നു. പല ശത്രു രാജ്യങ്ങളും അതിർത്തിയിൽ നിന്നും പട്ടാള ക്കാരെ പിൻവലിക്കുന്നു. എതിർ പക്ഷ ത്തു നിന്നും തടവിലാക്കിയവരെ വിട്ടയക്കുന്നു. സൌഹൃദവും സാഹോദ ര്യവും പങ്കു വക്കുന്നു.

ധന സംഭാതനത്തിനും പദവിക്കും മേൽക്കോയ്മക്കും വേണ്ടി വെക്തികൾ മുതൽ രാഷ്ട്ര ങ്ങൾ വരെ നടത്തിക്കൊണ്ടിരുന്ന ധാർമികവും അധാർമികവു മായ എല്ലാ കിട മാത്സരങ്ങളും നാമാ വശെ ഷ മായി. ഇന്ന് ആർക്കും ആരെയും കീഴ്പ്പെ ടുത്തി ഒന്നും നേടാനില്ല. കേട്ടിപെടുത്തി യാതെല്ലാ മുപെക്ഷിച് സ്വന്തം കുടുംബത്തോടും ബന്തു മിത്രാ തികളോടും കൂടചേരാൻ എല്ലവരും നെട്ടോട്ടമോടുന്നു. സുഖ ദുഃഖ ങ്ങള നുഭവിച്ചു എത്ര സന്തോഷ മായി കഴിയുകയായിരുന്നു. എല്ലാം തകർന്നടിയാൻ ഇനി കുറച്ചു ദിവസ്സങ്ങൾ മാത്രം.

അമേരിക്കയുടെ നേതൃ തത്തിൽ ലോകത്താകമാനമുള്ള ശാസ്ത്രക്ഞ്ഞന്മാരുടെ കൻസൊർഷ്യം രൂപം കൊണ്ട് ഭൂമിയെ രക്ഷിക്കാനുള്ള തീവ്ര ശ്രേമങ്ങൾ തുടരുകയാണ് . പക്ഷെ ഇതുവരെ ആയിട്ടും ഈ ഭീമൻ കൊമെറ്റിനെ എങ്ങനെ നേരിടും എന്നതിൽ വെക്തമായ ഒരു നിർദേശവും നൽകാൻ കഴിഞ്ഞിട്ടില്ല . ഇനി കേവലം 15 ദിവസ്സങ്ങൾ മാത്രം .

വെങ്കിയുടെ യാഗം ഒന്പതാം ദിവസ്സതിലേക്ക് പ്രവേശിച്ചു . ഇങ്ക്ളീഷ് വിദ്യാർത്ഥികളുടെ സഹായത്തോടെ വെങ്കി Dr കോൾമാന് മായി സംസാരിച്ചു

'ഈ ആപത്ത് തടയാൻ കഴിയുമെന്ന് വെങ്കി ആത്മവിശ്വാസം പ്രകടിപ്പിച്ചു .

‘നോക്കു കൊമാറ്റിന്റെ വരവിനെ തടുക്കുന്നത് മനുഷ്യ സാദ്യമാണെന്ന് ഞാൻ കരുതുന്നില്ല . ഇന്ത്യൻ ജ്യോതി ശാസ്ത്രത്തിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞാൽ നല്ലത് .

സാങ്കേതികമായി വെങ്കിക്ക് ഭാവുകങ്ങൾ നേരാനും അദ്ദേഹം മറന്നില്ല’ .

യാഗാജാര്യന്റെ നേതൃത്തത്തിൽ അഷ്ടമങ്കല്ല്യ പ്രശ്നം നടന്നു . അഷ്ട മംഗല്ല്യ പ്രശ്നത്തിൽ തെളിഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി യോഗാജാര്യൻമാർ അറിയിച്ചു. അതിൽ പ്രദാന നിർദേശം ഇതുവരെ ആവാഹിച്ചെടുത്ത ദോഷങ്ങൾ നാണയാതി ദ്രവ്വ്യങ്ങൽക്കൊപ്പം ദേഹമുഴിഞ്ഞ് യാഗാഗ്നിയിൽ ഹോമിക്കപ്പെടനം. ഇവിടെ ദേഹ മുഴിയേണ്ടത് ആരുടെയാണ് ? സാക്ഷാൽ ഭൂമിയുടെ.

നൂല് ബന്ധിച്ച കലശ ക്കുടം ഭൂമിക്ക് വലം വച്ച് വന്ന് യാഗാഗ്നിയിൽ ഹോമിച്ചാൽ മാത്രമേ ഭലസിദ്ധി ഉറപ്പുവരുത്താൻ സാദ്യ മാകുകയോള്ളൂ. വിശേശരയ്യ പറഞ്ഞു

ആളുകൾ പ്രശ്ന വിധി കേട്ട് അന്താളിച്ചു നിന്നു.

ആരെങ്കിലും ദോഷങ്ങൾ ആവാഹിച്ച കലാശ കുടവുമായി ഭൂമി ചുറ്റി വരിക . മറ്റു പോംവഴികൾ ഒന്നുമില്ല

ഈ സാഹജര്ത്തിൽ ഭൂമിയെ വലം വച്ചുവരാൻ ആര് തെയ്യാറാകും.ഇനി ആരെങ്കിലും തെയ്യാറായാൽ തന്നെ ഫ്ലൈറ്റുകൾ ഒന്നും നേരാംവണ്ണം പോകുന്നില്ല . ഉറ്റവരെ തേടി പോകുന്നവരുടെ ബാഹുല്യം കാരണം എയർ പോർട്ടുകളും റയിൽവെസ്റ്റെഷനകളും ബസ്സ്സ്റ്റാന്റുകൾ പോലും തിങ്ങിനിറഞ്ഞിരിക്കുന്നു. ജീവനക്കാരുടെ അഭാവം മൂലം ഇതൊന്നും ഓടിക്കാൻ ആളില്ലാതായി രിക്കയാണ് . പോലീസ് സ്റെഷനിൽ പോലും പോലീസുകാരെത്തുന്നില്ല .

ഒരു വിട്ടുവീഴ്ചക്കും വെങ്കി തെയ്യാറല്ലായിരുന്നു. കലശ കുടവുമായി താൻ തന്നെ പോയി ഭൂമി വലം വച്ചു വരുമെന്നു വെങ്കിതീരുമാനിച്ചു. ഇത് കേട്ട് പലരും അടക്കം പറഞ്ഞു.

‘വെങ്കി ഒറ്റംതടിയല്ലേ പോയി വരട്ടെ

ഇതുകേട്ട് മൈഥിലി ക്ക് വിഷമമായി . മൈഥിലി വെങ്കിയോട് പറഞ്ഞു

‘നിങ്ങൾ പോകണ്ടാ മറ്റാരെയെങ്കിലും പറഞ്ഞു വിട്

‘എന്നാ നിന്റെ അപ്പൻ കൌണ്ട റോട് പോയി ലോകം ചുറ്റി വരാൻ പറയു

മൈഥിലി യുടെ കണ്ണ് നിറഞ്ഞു . ഇങ്ഗ്ലീഷ് പെമ്പിള്ളേർ ഇത് കണ്ട് ചിരിച്ചു .

അവളെ ചൊടിപ്പിക്കാൻ വെങ്കി പറഞ്ഞു

‘ഞാൻ ഒറ്റക്കല്ല എനിക്ക് കൂട്ടിന് ആളെക്കെയുണ്ട്

‘അതാരാ ?

‘അത് നിന്നോടെന്തിനാ പറയുന്നേ ?

മൈഥിലി പിണങ്ങി ഓടി പോയി


എയർ ടിക്കറ്റ്കളും യാത്രാരേഘകളും വിദേശ വിദ്യാർത്ഥികളുടെ സഹായത്തോടെ സങ്കടിപ്പിച്ചു. പുറപ്പെട്ടു മൂനാം ദിവസ്സം രാത്രി തിരിച്ചേത്തുന്ന തരത്തിലാണ് ടിക്കറ്റുകൾ.

CHENNAI DUBAI LONDON NEWYORK MELBOUN SINGAPORE CHENNAI

വെങ്കി തിരിച്ചേത്തുന്നത് യാഗസമാബനത്തിന്റെ രണ്ടുനാൾ മുമ്പ്. യാഗ സമാപനം കുറിച്ച് യാഗപ്പുര അഗ്നിക്ക് സമർപ്പിക്കുമ്പോൾ ലോകം കറങ്ങിവന്ന കലാശ കുടവും ആ അഗ്നിയിൽ വെണ്ണീറാവും. അതോടെ ദോഷങ്ങൾ എല്ലാമകന്നു ഭൂമി സര്വ്വാശ്യരത്തോടെ നീണാൽ വാഴും.

വെങ്കി ഉലകം ചുറ്റാൻ യാഗ ശാലയിൽ നിന്നിറങ്ങി . ലോകം ആകെ മാറിയിരിക്കുന്നു . എല്ലാ മര്യാദകളും ലങ്കിച്ച് ആളുകൾ ഓടുന്നു പൊതു വാഹന ഗതാഗതം താറു മാറായിരിക്കുന്നു. വഴിയിൽ ആളുകൾ വാഹനങ്ങൾ ബലമായി തടഞ്ഞു നിർത്തി അതിൽ കയറി ക്കൂടുന്നു . വെങ്കിയെ യാത്ര അയക്കാൻ വന്നവരുടെ വാഹനവും പലയിടത്തും തടഞ്ഞു .

വെങ്കി ചെന്നൈ എയർ പോർട്ടിലെത്തി അവിടം കാലി ചന്ത പോലുണ്ട് . പരിശോധനകളെല്ലാം നാമമാത്രം . ഒരുകണക്കിന് അത് നന്നായി അല്ലെങ്കിൽ കലാശ കുടത്തിനു നൂറു സമാദാനം പറയേണ്ടി വന്നേനെ . വെങ്കി ടെർമിനലിൽ നിൽക്കുമ്പോൾ പെരിയ വേലു കൌണ്ടർ ഓടി വന്ന് അവിടം മുഴുവൻ നോക്കുന്നു . വെങ്കിയെ കണ്ടിട്ടും നോക്കാതെ പോയി.



വെളുത്ത ജുബ്ബയും  മുണ്ടും ധരിച്ച ഒരുകൂട്ടർ വെങ്കിയുടെ അടുത്ത് വന്ന് പറഞ്ഞു

ദൈവ വജനം പോലെ തീ മഴവന്ന് ലോകം അവസ്സാനിക്കാൻ പോകുന്നു . വരാൻ പോകുന്ന ദൈവ രാജ്യത്തിൽ നിനക്കും ഇടമുണ്ട് .  വരൂ അവനിൽ വിശ്വാസ മർപ്പി ച്ച് സ്നാനം കൊള്ളൂ.

ഒരു വയസ്സായ സ്ത്രീ വന്ന് വെങ്കിയുടെ കൈ പിടിച്ചു .

‘മോനെ.  എന്നെ ഒന്ന് ബോംബെ വരെ കൊണ്ടുപോകുമോ ?

‘അമ്മ  ടിക്കെറ്റ് എടുത്തിട്ടുണ്ടോ ? വെങ്കി ചോതിച്ചു

‘ഇല്ല . എടുക്കാം’   വയസ്സായ സ്ത്രീ  പറഞ്ഞു

‘എന്തിനാ അമ്മ ബോംബെ പോകുന്നത്

‘എന്റെ മകന്റെ  കുടുംബം   താമസ്സിക്കുന്നത് ബോംബായലാണ്. കുട്ടികള് പഠിക്കുന്നത് ഊട്ടിയിലും . അവരെ നേരത്തെ കൂട്ടിക്കൊണ്ടു പോയി . അവൻ എന്നെ വിളിച്ചു പറഞ്ഞു  അമ്മ എങ്ങനെയെങ്കിലും കേറി വരാൻ

‘ലോകം അവസ്സനിക്കുമെന്നു കരുതി യാണെങ്കിൽ അമ്മ എവിടെയും പോകണ്ടാ . ലോകത്തിനു ഒന്നും സംഭവിക്കില്ല . ദോഷങ്ങൾ ഉണ്ടായിരുന്നു. അതിന്റെ എല്ലാ പരിഹാരങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ജൂലൈ ഒന്ന് കഴിഞ്ഞു എല്ലാം നേരെ യാവുമ്പോൾ അമ്മയുടെ മക്കൾ അമ്മെ വന്നു കണ്ടുക്കൊള്ളും.

വെങ്കിയുടെ  വാക്കുകൾ ആ വയസ്സായ അമ്മക്ക് ആശ്വാസ ത്തിന്റെ കുളിരേകി അവർ സവദാനം തിരിഞ്ഞു നടന്നു

വെങ്കി  ദുബായി ഫ്ലൈറ്റിൽ കയറി യിരുന്നു . സഹ യാത്രികരെല്ലാം മരണ വീട്ടിൽ പോകുന്ന പോലെ ഇരിക്കുന്നുണ്ട് .   ഒട്ടും  മതുരമാല്ലാത്ത ശബ്ദത്തിൽ എയർ ഹോസ്ടസ്സിന്റെ അറിയിപ്പ് വന്നു.

‘ഫ്ലൈറ്റ് കാറ്ററിങ്ങ് എത്താതിരുന്നത് കൊണ്ട് ഫുഡും ബീവേറെജു മുണ്ടായിരിക്കുന്നതല്ല  ദയവായി  സഹകരിക്കുക

ഫ്ലൈറ്റ് രണ്

വേയിൽ ഓടിത്തുടങ്ങിയപ്പോൾ നാലഞ്ചു സീറ്റു മുമ്പിലിരിക്കുന്ന പെണ്

കുട്ടി തിരിഞ്ഞു നോക്കുന്നുണ്ട് . അവൾ വീണ്ടും തിരിഞ്ഞു നോക്കി പരിജയം ഉള്ള മുഖം . പിന്നെയും തിരിഞ്ഞപ്പം കണ്ടു.   മൈഥിലി .

ഇവളിതെവിടെ പോകുന്നു. വെങ്കി എഴുന്നേറ്റ് അവളുടെ സീറ്റിനരികിൽ ചെന്നു. അവൾ   സന്ഗോജപ്പെട്ടിരിക്കുന്നു. വെങ്കി ചോതിച്ചു

'നീ എവിടെ പോകുന്നു ?

'ഞാനും കൂടെ വരുന്നുണ്ട്

'അതിനു നിനക്ക് ടിക്കെറ്റ് ഉണ്ടോ ?

മൈഥിലി ഒരു കുത്ത് ടിക്കെറ്റ് എടുത്ത് കാണി ച്ചു.

വെങ്കി തലയിൽ കൈ വ ച്ചുപോയി

വെങ്കി ദെഷ്യത്തോടെ പറഞ്ഞു

'എന്റെ കൂടെ ഒന്നും വരണ്ട . വീട്ടി പോ ..

ഇത് കേട്ട് മൈഥിലി  കരഞ്ഞു

അടുത്തിരിക്കുന്ന സ്ത്രീ വെങ്കിയോട് കർക്കശമായി പറഞ്ഞു

'ലോകം അവസ്സാനിക്കാൻ പോകുന്നു . ഭർത്താവിന്റെകൂടെ യല്ലാതെ അവൾ എവിടെയാ പോകേണ്ടത്.

വെങ്കി വിഥിയെ പ ഴിച്ചു അയാളുടെ സീറ്റിൽ പോയിരുന്നു . അവൾ വീണ്ടും തിരിഞ്ഞു നോക്കി ചിരിച്ചു. വിജയ ഭാവത്തിൽ .

ഇനിയിപ്പം എന്ത് ചെയ്യും . ഇവളിതെന്തു ഭാവിച്ചാണ് . അവളുടെ ഇരിപ്പ് കണ്ടില്ലേ മോന്തക്കിട്ട് കുത്താൻ തോന്നും . വെങ്കി സീറ്റിൽ ചാരി കണ്ണടച്ച് കിടന്നു . അവൾ അപ്പോഴും തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു.

ഫ്ലൈറ്റ് ദുബായി എയർ പോർട്ടിൽ  ലാന്ട് ചെയ്തു . എയർ പോർട്ടിൽ കണ്ട കാഴ്ച കണ്ട് മൈഥിലി ഭയന്നു

പോലീസ്സ് മുട്ടൻ വടി കൊണ്ട് യാത്ര ക്കാരുടെ പുറത്ത് അടിക്കുന്നു .

അടികൊള്ളാതെ വെങ്കി മൈതിലിയേം കൊണ്ട് ലണ്ടൻ ഫ്ലൈറ്റ് നോക്കി നടന്നു . യാത്രക്കാർ തലങ്ങും വിലങ്ങും ഓടുന്നു . ഒരു കണക്കിന് രണ്ടുപേരും ലണ്ടൻ

ഫ്ലൈറ്റിൽ കയറി കൂടി .സീറ്റ് നമ്പര് അന്വെഷിച്ചു ചെന്നപ്പോൾ അവരുടെ സീറ്റിൽ കിഴവൻ സായിപ്പിരിക്കുന്നു . ഇത് ഞങ്ങളുടെ താണ് എന്നൊക്കെ പറഞ്ഞിട്ടും സായിപ്പിന് കേട്ട ഭാവം ഇല്ല .

വെങ്കി ഒഴിഞ്ഞ സീറ്റ് അന്വെഷിച്ചു പുറകിലേക്ക് നടന്നു . ഒന്നും ഒഴുവില്ലാ . പുറകിൽ ചെന്നപ്പോൾ മുനാലുപേർ തറയിൽ ഇരിക്കുന്നു . വെങ്കിയും തറയിൽ ഇരുന്നു . അല്പ്പം ചമ്മലോടെ മൈത്തിലിയും തറയിൽ വെങ്കിക്കരികിൽ ഇരുന്നു. കുറെ വൈകിയാണ് ഫ്ലൈറ്റ് ടെക്കോഫ് ചെയ്തത് . ഷീണം കൊണ്ട് മൈഥിലി മയങ്ങി പോയി രുന്നു . ഫ്ലൈറ്റിന്റെ കുലുക്കത്തിൽ അവളുണർന്നു. അവൾ മെല്ലെ വെങ്കിയോട് പറഞ്ഞു

‘എനിക്ക് വിശക്കുന്നുണ്ട്

‘തൈര് സാധവും ഉഴുന്ന് വടയും പറഞ്ഞിട്ടുണ്ട് ഇപ്പൊ വരും . വെങ്കി പറഞ്ഞു

‘ഇവിടേം ഇതൊക്കെ കിട്ടുള്ളോ. ?

‘നിനക്ക് ചിക്കാൻ നൂടിൽസ്സ് വേണോ . എയർ ഹോസ്ടസ്സിനോട് പറഞ്ഞാ മതി .

വെങ്കി ബാഗ് തലയ്ക്കു വച്ചു അവിടെ നീണ്ടു നിവർന്നു കിടന്നു. കഴിഞ്ഞ കുറേ ദിവസ്സങ്ങളുടെ ക്ഷീണം അയാൾ ഗാട നിദ്ര യിലേക്ക് വഴുതി വീണു . എത്ര മണിക്കൂറുകൾ അങ്ങിനെ കിടന്നിട്ടുണ്ടാവുമെന്നറില്ല ആളുകളുടെ ശബ്ദം കേട്ട് വെങ്കി ഉണർന്നു. വെങ്കി യുടെ ദേഹത്ത് കൈ വച്ച് മൈഥിലി സുഗമായ് ഉറങ്ങുന്നു .

തലയ്ക്കു വച്ചിരുന്ന ബാഗ് കാണുന്നില്ല. വെങ്കി നോക്കിയപ്പോൾ എല്ലാവരും പ്ലയിനിന്റെ വാതിലിനടുത്ത് തടിച്ചുകൂടി നില്ക്കുന്നു. ഒരാളുടെ കൈയ്യിൽ ആ ചുമന്ന ബാഗ്. ഓടിച്ചെന്ന് ബാഗ് പിടിച്ച് മേടിച്ചു. തുറന്നിട്ട വാതിലിൽ തടിച്ചു കൂടി ബഹളം വയ്ക്കുന്നതല്ലാതെ ഒരാൾക്ക് പോലും ഫ്ലയിറ്റിൽ നിന്നും ഇറങ്ങാൻ കഴിയുന്നില്ല. ആളുകൾക്കിടയിലൂടെ തിക്കി ഞെരിഞ്ഞു വങ്കി പുറത്തെക്ക്നോക്കി. ലണ്ടൻ എയർപോർട്ട്. ഫ്ലയിറ്റിലേക്ക് ചാരി വച്ചിരിക്കുന്ന ഗോവണിപടി നിറയെ ദുബായിലേക്ക് പോകേണ്ട യാത്രക്കാർ തിക്കിനിറഞ്ഞു നിൽക്കുന്നു. ഒരാൾക്ക്പോലും ഇറങ്ങാനോ കയറാനോ കഴിയുന്നില്ല. അച്ചടക്കത്തിനു പേര്കേട്ട ലണ്ടനിലാണ് ഇത് നടക്കുന്നത്. മെയ്വഴക്കമുള്ള ഒരഭ്യാസിയെപ്പോലെ വെങ്കി മൈഥിലിയെയും കൊണ്ട് കൈവരികളിലൂടെ തൂങ്ങി പുറത്തിറങ്ങി .

ടെർമിനലിൽ എത്തി വില്ലുപുരത്തെക്ക് ഫോണ്

ചെയ്യാൻ ശ്രേമിച്ചു . കിട്ടിയില്ല .

‘എനിക്ക് വിശക്കുന്നു.’ മൈഥിലി വെങ്കിയെ ഒർമിപ്പിചു

അവർ ടെര്മിനലിലെ ഒരു സ്നാക്സ് കടയിൽ കയറി

‘വെജ് . വെജ് . പ്യുർ വെജ്. എനി തിങ്ങ് ? വെങ്കി ചോതിച്ചു

‘നോ . പീസ്സാ, ബർഗ്ഗർ ഹോല്ടോഗ്

വെങ്കി ഒരു വെള്ള ക്കുപ്പി യെടുത്ത് കുടി ച്ചു .മൈഥിലി ഈ സമയം ഒരു വല്ല്യ മീറ്റ് ബർഗ്ഗർ തിന്നുന്ന തു കണ്ടു വെങ്കി ഞെട്ടി .

‘ഇനി ന്യൂയോർക്ക്.

വെങ്കി ടെർമിനലിലെത്തി ഫ്ലയിറ്റ് ചാർട്ടിലെക്ക് നോക്കി. മിക്കവാറും എല്ലാ പ്ലയിനുകളും കാൻസെൽ കാൻസെൽ എന്നെഴുതിയിരിക്കുന്നു. വെങ്കി പലരോടും ന്യൂ യോർക്ക് ഫ്ലയിറ്റിനെപറ്റി തിരക്കി. ആരും സംസാരിക്കാൻപോലും തെയ്യാറല്ല. എറെ വൈകി. സമയത്തിന് തിരിച്ചെത്താൻ കഴിയുമെന്നു തോന്നുന്നില്ല. ഒരു ഹൂസ്റ്റൻ ഫ്ലൈറ്റ് ഷ്രേദ്ദയിൽപെട്ട അവർ ഓടി അതിൽ കയറികൂടി. എന്തായാലും അമേരിക്കായിലെത്താമെല്ലോ. ഈ ഫ്ലയിറ്റിനകത്തെയും അവസ്ഥ ദയനീയം തന്നെ.

എന്ത് പ്രെദിസന്തിയും തരണം ചെയ്തും യാഗ സമാപ്ത്തിയിൽ ദോഷങ്ങളാവാഹിച്ച ഈ കലശകൊടം ഹോമകുണ്ടത്തിൽ ചാമ്പലാക്കണം.

ഹൂസ്റ്റൻ ഫ്ലൈറ്റിലിരിന്നു മൈഥിലി സംശയം ചോതിച്ചു

‘ഈ നയാഗ്ര അവിടെ അടുത്താണോ ?

‘നിന്നെ വേൾട് ട്രേട് സെന്ററിലാണ് കൊണ്ട് പോകേണ്ടത് ഇപ്പൊ ഗ്രൌണ്ട് സീറോ . അവിടെ നിന്നെ കെട്ടി യിടണം”.

മൈഥിലിക്കും വന്നു ദേഷ്യം അവൾ ബാഗിൽ നിന്നും വലിയൊരു ബർഗെറെടുത്ത് തിന്നാൻ തുടങ്ങി .

വെങ്കിക്ക് അറപ്പ് തോന്നി . അയാൾ കലശ കുടം വച്ച ബാഗ് മാറ്റി പിടിച്ചു .

‘എടി അസത്തെ! ഇതൊന്നും തിന്നാൻ കൊള്ളില്ലാ . ഇതിൽ പോർക്കും ബീഫും ഒക്കെയുണ്ട്.

‘നല്ല രുജിയുണ്ട്’ അവൾ ആസ്വതിച്ചു കഴിച്ചു .

പ്ലൈൻ പറക്കാൻ തുടങ്ങി മൈഥിലി ചാരിക്കിടന്നുറങ്ങി .

വെങ്കിക്ക് ആദിയായി. ഇപ്പോൾ തന്നെ 18 മണിക്കൂർ വൈകിയിരിക്കുന്നു . ഇനി അങ്ങോട്ടുള്ള യാത്ര എങ്ങിനെ ഒക്കെയാവും ദൈവത്തിനറിയാം . സീറ്റിനു മുന്നിലെ മാഗസിൻ ബാഗിൽ നിന്ന് ന്യൂസ് പപ്പേറെടുത്ത് മറിച്ച് നോക്കി . മൂന്ന് ദിവസ്സം പഴയതാണത്. ഭീമൻ വാൽ നക്ഷത്ര ത്തിന്റെ വിവരങ്ങളാണതിൽ. പല രാജ്യങ്ങളിലും ഭരണം തന്നെ ഇല്ലാണ്ടായിരിക്കുന്നു. വാർത്താ വിതരണവും വൈദുതിയും പൊതുവാഹന  ഗതാഗതവും  നിലച്ചുകൊണ്ടിരിക്കുന്നു . രണ്ടു ദിവസ്സത്തിനകം ഉള്ളതും നിശ്ചല മാകു മാത്രേ .

യാഗ സമാപ്തി ക്കെങ്കിലും വില്ലുപുരത്ത് എത്താൻ കഴിയുമോ എന്നോർത്ത് അയാൾ ആശംഗ പ്പെട്ട .

ഫ്ലൈറ്റ് ഹ്യൂസ്ടന്റെ ആകാശത്ത് എത്തി വട്ട മിട്ട് പറക്കാൻ തുടങ്ങി. ലാണ്ടിങ്ങിനുള്ള അനുവാതം കിട്ടുന്നില്ല  . എല്ലാവ രോടും സീറ്റ് ബെല്റ്റ് ദരിക്കാൻ പൈലെറ്റ് അനൌണ്സ് ചെയ്തു. ഒര നുവാദവും ഇല്ലാതെ തന്നെ കിട്ടിയ റണ്

വേയിൽ വിമാനം ഇടിച്ചിറക്കി . പ്ലൈൻ നിന്നപ്പോഴാണ് ആളുകൾക്ക് ശ്വാസം നേരെ വീണത് . പ്ലൈനിൽ നിന്നി റ ങ്ങാനുള്ള സംവിദാനങ്ങൾ ഒന്നും എത്താതെ വന്നപ്പോൾ പൈലറ്റ് എമെർജെൻസ്സി എസ്കേപ്പ് സൗകര്യം ഏർപ്പെടുത്തി കൊടുത്തു. പായ പോലുള്ള അത് ആദ്യം പ്രയോജന പ്പെടുത്തിയതും വെങ്കിയും മൈഥിലിയും ആണ് .

ഹ്യൂസ്റ്റൻ എയർ പോർട്ടിൽ ആളുകൾ ചേരി തിരിഞ്ഞു തല്ലുന്ന കാഴ്ച യാണ് കണ്ടത് .

മൈഥിലി എപ്പോഴും പത്തടി പുറകിലായിരിക്കും . ടെർമിനലിൽ എത്തിയപ്പോൾ മൈഥിലിയെ നീഗ്രോ സംഘം തടഞ്ഞു നിർത്തിയിരിക്കുന്നത് കണ്ട് വെങ്കി ഓടിവന്ന് നീഗ്രോകളോട് മല്ലിട്ട് അവളെയും കൊണ്ടോടി  ഒരു വാഷ് റൂമിൽ കയറി ഒളിച്ചു .

കുറച്ചു സമയം അവിടെ നിന്നപ്പോൾ വെങ്കിക്ക് തോന്നി ഒന്ന് കുളിക്കാമെന്ന്.

‘ഞാനൊന്ന് കുളിക്കാൻ പോകുകയാ . നിനക്ക് കുളിം നനേം ഒന്നും ഇല്ലേ  ?

‘ഈ തണുപ്പെതെന്തിനാ കുളിക്കുന്നെ

‘നീ കതക് കുറ്റിയിട്ടു നിന്നോ. ഞാൻ വിളിക്കുംബോഴേ തുറക്കാവു.

അയാൾ അടുത്ത വാഷ് റൂമിൽ കയറി പാന്റും ഷർട്ടും ഊരി ഡോറിനു മുകളിലിട്ട് കുളിക്കാൻ തുടങ്ങി . ഈ സമയം ഒരു വെള്ളക്കാരൻ പൈലെറ്റ് ഓടിവന്ന് അവിടെ കയറി . അയാളുടെ പൈലെറ്റിന്റെ യൂണിഫോം തിടുക്കത്തിൽ അഴിച്ചു മാറ്റി വാതിലിനു മുകളിൽ കിടന്ന വെങ്കിയുടെ പാന്റും ഷർട്ടും എടുത്തിട്ട് ഇറങ്ങി പ്പോയി .

വെങ്കി കുളി കഴിഞ്ഞ് നോക്കിയപ്പോൾ അയാളുടെ പാന്റും ഷർട്ടും കാണുന്നില്ല . അയാൾ പുറത്തു വന്ന് മൈഥിലി യുടെ കതകിൽ തട്ടി ചോതിച്ചു

‘എന്റെ പാന്റും ഷർട്ടും നീയെടുത്തോ

‘ഞാൻ കണ്ടില്ലാ’  അവൾ പറഞ്ഞു

‘ഈ വെളുത്ത പാന്റും ഷർട്ടും ആരെടെ താടീ

‘ആരാണ്ട് അകത്ത് വന്ന് പോയ പോലെ തോന്നി

‘ഞാനിനി എന്തിടും

‘ഇനി അതെങ്ങാനും എടുത്തിട്. വേറെഎന്താ  ചെയ്യാ

വെങ്കി പൈലറ്റിന്റെ യൂണി ഫോമെടുത്ത് ധരിച്ച് കണ്ണാടിയിൽ നോക്കി

‘കൊള്ളാം ഒരു കൂളിംഗ് ഗ്ലാസുംകൂടി വേണം .

അവർ ബാത്ത് റൂമിന് പുറത്തേക്ക് വന്നപ്പോൾ ഒരു കൂട്ടം യാത്രക്കാർ ഓടി വന്ന് വെങ്കിയുടെ കോളറിനു പിടിച്ചു

‘നടക്കെടാ കള്ള പൈലെറ്റെ. നീ രെക്ഷപ്പെടാമെന്ന് വിചാരിച്ചല്ലേ

ആളുകൾ വെങ്കിയെ തള്ളി ക്കൊണ്ട് പോയി . മൈഥിലി ബാഗും തൂക്കി പുറകെ ഓടി . ഞാൻ പൈലറ്റല്ലാ എനിക്ക് പ്ലൈനോടിക്കാൻ അറിയില്ലാ എന്നൊക്കെ വെങ്കി വിളിച്ചു പറയുന്നുണ്ടായിരുന്നു.

റോഡിലെ മീടിയനിൽ ഷർട്ടില്ലതെ വെങ്കിയും മൈഥിലി യും ഇരിക്കുന്നു . മൈഥിലി നിർത്താതെ ചിരിക്കുന്നുണ്ട് .

‘അവരെങ്ങാനും നിങ്ങളെ ക്കൊണ്ട് പ്ലെനോ ടിപ്പിച്ചി രുന്നെങ്കിൽ  ജൂലൈ ഒന്ന് വരെ കാക്കേണ്ടി വരില്ലായിരുന്നു .

അവൾക്ക് ചിരി അടക്കാൻ പറ്റുന്നില്ലായിരുന്നു

‘നിർത്തെടീ. നീ കാരണമാണിതൊക്കെ

‘പിന്നേ... ഞാൻ കാരണമല്ലേ  ഉൽക്ക വന്നിടിക്കാൻ പോകുന്നെ

‘അതിലും വല്ല്യ ഉലക്കയല്ലെ എന്റെ തലേൽ ഇടിചെക്കുന്നെ

‘നീ ഈ ടിക്കെറ്റൊക്കെ എങ്ങിനെ ഒപ്പിച്ചു

‘അതാ മാതാമ പിള്ളേരോപ്പിച്ചു തന്നു

‘എനിക്ക് തോന്നി നീ അവരെ സോപ്പിട്ടു നടക്കുന്നെ കണ്ടപ്പോ

‘കൂട്ടിനാരോ എണ്ടന്നു പറഞ്ഞിട്ട് ?

‘അതായിരിക്കും നീ കേറി പോന്നത്

വെങ്കി എഴുന്നേറ്റ് നടക്കാൻ തുടങ്ങി

‘ഇത് ഹൂസ്റ്റൻ അല്ലെ ഇവിടെ നാസ്സേല് എനിക്കൊരു സുഹർത്തെണ്ട് . വല്ല്യ ജോല്സ്സ്യനാ നമുക്കവിടെ വരെ പോകാം .

‘അയാള് കച്ചോടം പൂട്ടി പോയിക്കാണും

‘നീ കരിന്നാക്ക് വളക്കാതെ

‘എങ്കി ആ ജ്യോത്സ്യനെക്കൊണ്ട് നമ്മുടെ മുഹൂർത്തം കുറിപ്പിക്കാം

‘നീ നാട്ടിൽ തിരിച്ച്ചെല്ല് നിന്റെ അപ്പാ നിന്നെ പുറത്താക്കി പിണ്ണം വയ്ക്കാനുള്ള മുഹൂർത്തം നോക്കി വച്ചിട്ടുണ്ടാകും.

‘എയ് അപ്പാക്ക് ഇഷ്ട്ടമാണ്. അപ്പ പറഞ്ഞു നമ്മള് താല്പ്പര്യം കാണിച്ചാൽ അവൻ സ്ത്രീധനം ചോതിക്കും നമ്മൾ എതിർത്താൽ അവൻ ഇങ്ങോട്ട് തന്ന് കെട്ടിക്കൊണ്ട് പോയിക്കൊള്ളും

‘നിന്റെ അപ്പാ ആളു കൊള്ളാല്ലോ. ഉദ്ദേശം എന്ത് കൊടുക്കേണ്ടി വരും

‘നല്ലത് കൊടുക്കേണ്ടി വരും. ഒരു പത്ത് ലെക്ഷമെങ്കിലും

‘അത് പറ്റില്ലാ

‘അഞ്ചെങ്കിലും കൊടുക്കണം

‘അത് കൂടുതലാ

‘രണ്ട് ലെക്ഷം

‘കുടുതലാ

‘പിന്നെന്ത് കൊടുക്കും

‘ഒരു താലി കൊടുക്കും

‘മതി

‘ദേ ഈ കാറില് താക്കോല് കിടപ്പുണ്ട്’ ഒരുകാറിന് അരുകിൽനിന്ന് അവൾ വിളിച്ചു പറഞ്ഞു

വെങ്കിയും മൈഥിലിയും ആ കാറിൽ നാസ്സയിലേക്ക് പുറപ്പെട്ടു. കടകൾ എല്ലാം അടഞ്ഞു കിടക്കുന്നു. വഴിയിൽ സിഗ്നൽ ലൈറ്റ്കളൊന്നും പ്രവർത്തിക്കുന്നില്ല. വണ്ടികളും കുറവാണ്. തുറന്നു കാണപ്പെട്ട ഒരു കടയുടെ മുന്നിൽ കാർ നിരത്തി. അവിടെയാണെങ്കിൽ ആരും തന്നെഇല്ല

‘ഇനി എന്ത്നോക്കാനാ ആവശ്യമുള്ളത് എടുക്കാം. വെങ്കി പറഞ്ഞു

വെങ്കി അയാൾക്ക് പറ്റിയ ഒരു ഷർട്ട് എടുത്തിട്ട് തിരുഞ്ഞു നോക്കിയപ്പോൾ മൈഥിലി വലിയരണ്ട് ബാഗ് നിറച്ച് തുണികളെടുത്ത് വരുന്നു

‘വക്കെടീ അതൊക്കെ അവിടെ. നിനക്ക് ഷോപ്പിങ്ങിനു കണ്ടസമയം’

‘പൈസ്സ ഒന്നും കൊടുക്കണ്ടാല്ലോ പിന്നെന്താ

എന്നിട്ടും അതിൽ നിന്ന് കുറച്ചെടുത്തവൾ മാറ്റിപിടിച്ചു.

വെങ്കിയുടെ കാർ നാസ്സയിലെത്തി. സെക്കൂരിറ്റി കാബിനുകൾ ശൂന്യം. അവർ നടന്ന് അകത്ത് കയറിചെന്നപ്പോൾ ഒരാൾ ഇരിക്കുന്നു. അയാളോട് കൊല്മാൻനെ കണണമെന്ന് അറിയിച്ചപ്പോൾ അയാൾ വിജനമായ ഇടനാഴി യിലൂടെ അവരെ കൊല്മാന്റെ മുറിയിലെത്തിച്ചു

വെങ്കി സ്വയം പരിജയ പ്പെടുത്തി . DR കോൾമാൻ വെങ്കിയെ സ്വീകരി ച്ചുകൊണ്ടു പറഞ്ഞു .

‘നിങ്ങളെന്നെ ബന്ധപെട്ടതായി ഞാൻ ഓർക്കുന്നു.

ഭൂമിയുടെ ദോഷങ്ങളും, പരിഹാര യാഗങ്ങളും, കലാശ ക്കുടവും, ഭൂമിയെ വലം വയ്ക്കലും ഒക്കെ കേട്ട് കഴിഞ്ഞപ്പോൾ DR. കോൾമാൻ പറഞ്ഞു.

"LOOK.. AS OF NOW THERE IS NO POSIBILITY. ഈ കൂട്ടിയിടി ഒഴുവാക്കാൻ പറ്റുന്ന ഒരത്ഭുതവും മനുഷ്യ സാദ്യമാണെന്ന് ഞാൻ കരുതുന്നുമില്ല. ഇന്ത്യൻ ജ്യോതിജാസ്ത്രതിന്ന് അതിനു കഴിഞ്ഞാൽ വളരെ നല്ലത്. നിങ്ങൾക്ക് കുടിക്കാനെന്തങ്കി ലും പാനിയ മെടുത്തു തരാൻ പോലും ഇവിടാരുമില്ല. കുറച്ചു ദിവസ്സം മുമ്പ് വരെ ആയിരങ്ങൾ ജോലി എടുത്ത സ്ഥലമാണ്. ഇന്ന് വിരലിലെണ്ണാവുന്നവർ മാത്രം . നാളെ അവരും ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. ആർക്കെങ്കിലും നല്ല പ്രെദീക്ഷ നൽകാൻ എനിക്ക് കഴിയില്ലല്ലോ’. DR. കോൾമാൻ നിരാശാഭരിതനായി.

കൊല്മാൻ ന്റെ മുറിയിലെ കൌണ്ടൌൻ ക്ലോക്ക് കണ്ട് മൈഥിലി പേടിച്ചു. ഇനി നാല് ദിവസ്സവും മൂനര മണിക്കൂറും മാത്രം. അവൾ കണ്ണ് മിഴിച്ചു .

‘പ്രതിവിധികൾ വേണ്ടും വിധം നടന്നാൽ ഞങ്ങൾക്കുറപ്പുണ്ട് കണ്ണിൽ കൊള്ളണ്ടത് പുരികത്തുതട്ടി പോകും’ വെങ്കി കൊല്മാൻ നോട് പറഞ്ഞു .

വെങ്കി DR. കോൾമാ നോട് ഒരു ഉപകാരം അഭ്യർദ്ദിച്ചു.

" എനിക്ക് യാഗസ്ഥലത്തേക്ക് ഫോണ്

ചെയ്യണം.

ആവശ്യം കേട്ട് DR. കോൾമാൻ നെറ്റി ചുളുക്കി ക്കൊണ്ട് പറഞ്ഞു.

‘എല്ലാ നെറ്റ് വർക്കുകളും ഡൌൻ ആണ. സാറ്റെെലറ്റ് ചിലപ്പോൾ ലഭ്യമാകും നിങ്ങൾക്ക് ശ്രെമി നോക്കാം.

വെങ്കി പല പ്രാവിശ്യം ശ്രെമിച്ചപ്പോൾ ഒന്ന് ഭലം കണ്ടു. യാഗജാര്യൻ വിശേഷരയ്യരെ ലൈനിൽ കിട്ടി. വെങ്കിയുടെ ഫോണ്

വന്നതറിഞ്ഞ്  യാഗ സ്ഥലത്ത് ഉത്സവപ്രതീതിയായി. കഴിഞ്ഞ കുറെ ദിവസമായിട്ടു  വെങ്കിയുടെ വിവരങ്ങൾ അറിയാതെ  വിഷമിക്കുകയായിരുന്നു അവർ.

'നാളെ യാഗ സമാപ്തി യല്ലേ  നിങ്ങൾ ഒരു കാരണ വശാലും യാഗം നിർത്തരുത്. ഞാൻ തീര്ച്ചയായും മടങ്ങി എത്തും അതുവരെ യാഗം തുടരണം' .   വെങ്കി യാഗാജാര്യനോടപെക്ഷിച്ചു.

'എനിക്ക് വിശ്വാസ്സമുണ്ട്. വിശ്വേശരയ്യ

'പിന്നേ ...  ആ പെണ്ണും കേറി വന്നായിരുന്നു . എനിക്കറിയില്ലായിരുന്നു .

'അത് സാരമില്ലാ ഒരു കമ്പനി ആയല്ലോ  വിശ്വേശരയ്യ  ചിരിച്ചു കൊണ്ട് പറഞ്ഞു

വെങ്കിക്ക് സമാധാനമായി

യാഗ ശാലയിൽ ദ്രവ്യ്യാർപ്പണവും പാരായണവും ഊർജിതമായി നടന്ന് കൊണ്ടിരുന്നു.

വെങ്കിയും മൈഥിലിയും ഹൂസ്റ്റൻ എയർ പോർട്ടിൽ തിരിച്ചെത്തി . അവിടെ ആളുകൾ എയർ പോർട്ട് തല്ലിപ്പൊളിച്ചു തീയിട്ടിരിക്കുന്നു .  കാ കാശിനു വിലയില്ലാത്ത എയർ ടിക്കറ്റുകൾ വെങ്കിയെ നോക്കി പല്ലിളിച്ചു . വെങ്കിയുടെ പ്രദീക്ഷകൾ അസ്തമിച്ച പോലെ . അയാൾ തകർന്ന മനസ്സോടെ മൈഥിലി യോട് പറഞ്ഞു

'നമുക്ക് തിരിച്ച് ചെല്ലാൻ കഴിയുമെന്നു തോന്നുന്നില്ലാ.

'ഇനിയും നാല് ദിവസ്സമില്ലേ  ജൂലൈ ഒന്നിന്. നിങ്ങൾക്ക് അതിനു കഴിയും

വെങ്കി  മൈഥിലി യുടെ  കയ്യും പിടിച്ചു കൊണ്ട് ഒരു ഭ്രാന്തനെ പ്പോലെ അയാൾ വഴിയിലെക്കൊടി .

## അദ്ധ്യായം 6

ഡോ. കോൾമാൻ തന്റെ പരീക്ഷണ ശാലയിൽ നിന്ന് പുറത്തിറങ്ങിയിട്ട് എത്രയോ ദിവസങ്ങളായിരിക്കുന്നു. നാളെ ആദിവസം വന്നെത്തുന്നു. സർവ്വനാശത്തിന്റെ ദിവസം. കോടികണക്കിനു വർഷങ്ങൾ കൊണ്ട് രൂപപെട്ട് മനുഷ്യ

വാസയോഗ്യമായ സൗരയുദ്ദ ത്തിലെ സ്വർഗ്ഗതുല്ല്യമായ ഗ്രഹം എന്നെന്നെക്കുമായി പൊട്ടി തകർന്നു ശൂന്യാകാശ ത്തിൽ വെറും പൊടി പടലങ്ങളായി . നാളെ പടിഞ്ഞാറെ ചക്രവാളത്തിലേക്ക് സൂര്യൻ കുനിഞ്ഞിറങ്ങുന്ന സമയം വയ്കീ ട്ട് ആറു മണി നാൽപ്പ ത്തെഴു മിനിറ്റ്.

ജാനെറ്റി നെയും ജെഫ്ഫിനെയും വിളിക്കാൻ കഴിയാ ത്തതിന്റെ വിഷമം മനസ്സി ലൊതുക്കി അവസാന മനിക്കൂറ്കളിലും ആ സയന്റിസ്റ്റ് പ്രദീക്ഷയോടെ തന്റെ ക്ഷീ ണിച്ച കണ്ണുകൾ മോണിട്ട്റ്റുകളിൽ പതിച്ച് വച്ചിരുന്നു. ഈ യാത്രയിൽ കൊമെറ്റിന്റെ വ്യാപ്തിയിൽ കാര്യ മായ കുറവ് സംഭ വിച്ചിട്ടുണ്ട്കിലും ഇപ്പോഴും അതിനു ഭൂമിയുടെ ഇരട്ടി വലിപ്പം വരും. ബൂമാന്തരീക്ഷത്തിൽ പ്രേവേശി ച്ച് ഭൂമിയിലെക്കുള്ള യാത്ര യിലാണ് ഏറ്റവും കൂടുതൽ ഘർഷണം അനുഭവപ്പെടുന്നതും കോമറ്റ് ഒരു തീ ഗോളമാകുന്നതും .

കടുത്ത നിരാശയും പൂർണ ഗർഭാവസ്ഥയും ജാനാറ്റിനെ പാടെ അവശയാക്കി. എന്തിലെങ്കിലും പിടിച്ച് എഴുന്നെറ്റാൽ പോലും വെച്ച്പോകുന്നു . സഹായത്തിന് ആരുമില്ല. വൈദുതിയും വാർത്താ വിതരണ സംവിദാനങ്ങളും ഒന്നുമില്ല . ജെഫിനെ തലോടി മയക്കത്തിലേക്കു വഴുതി വീഴും. കടുത്ത വേതന വരുമ്പോൾ പെട്ടന്നുണർന്നു കരയും . നിസ്സഹായനായ ജെഫ്ഫ് .

നേരം വെളുത്തപ്പോൾ ജന്നെറ്റ് ആശുപത്രിയിൽ പോകാൻ തീരു മാനിച്ച് അയാസ്സപ്പെട്ട് എഴുന്നെ റ്റു . ജെഫ്ഫിനെയും കൂട്ടി സാവധാനം കാറ് സ്റ്റാർട്ട് ചെയ്തു. വിജനമായ തെരുവിലൂടെ കാറോടിച്ച് സ്റ്റാണ്ട് ഫോർഡ് ആശു പത്രിയിലെത്തി. പക്ഷെ അവിടം അക്ഷരാർദ്ദത്തിൽ ശൂന്യം . ജനെറ്റിന്റെ പ്രദീക്ഷ കളൊക്കെ അവിടെ അസ്ഥമിച്ചു. കസേര കളിലോന്നിൽ ബോദം മറഞ്ഞ് മലർന്നു കിടന്നു. ജെഫ്ഫ് കുലുക്കി വിളിച്ചു. പകുതി തുറന്ന ജാനേറ്റിന്റെ കണ്ണുകളിലേക്കു നോക്കി ജെഫ്ഫ് പറഞ്ഞു.

'MOM നമുക്ക് പപ്പയുടെ അടുത്തേക്ക് പോകാം .

ജെഫ്ഫിന്റെ വാക്കുകളിലൂടെ പുറത്തെക്കുവന്ന ഏതോ ഊര്ജ്ജ പ്രവാഹം ജാനേറ്റിന്റെ തളർന്ന ശരീ രത്തിലേക്ക് പ്രവേശിച്ചു . അവർ സാവദാനം എഴുന്നേറ്റ് കാറിലിരുന്നു. പകുതി കൂമ്പിയ കണ്ണുകളോടെ കാർ റോഡിലേക്ക്

ഇറക്കി. കാറിന്റെ വേഗത കൂടിയും കുറഞ്ഞും ഇരുന്നു. ചിലപ്പോഴൊക്കെ വണ്ടി സൈഡിലേക്ക് പോകുന്നത് കണ്ട് ജെഫ് സ്റ്റിയറിങ്ങു പിടിച്ച് നേരെയാക്കികൊടുത്തു അർദ്ധ ബോധാവസ്ഥയിൽ കാറോടിക്കുന്ന ജാനെറ്റ് ഏതു നിമിഷവും കുഴഞ്ഞു വീഴാം . റോഡിൽ വാഹനങ്ങൾ തീരെ ഇല്ലാത്തതു ഭാഗ്യം. ജനെറ്റിന്റെ കാർ നാസയുടെ കോമ്പൌണ്ടിൽ പ്രവേശിച്ചു .

സ്റ്റാന്റ് ഫോർഡിന്റെ അത്രയും ശൂന്യമായിരുന്നില്ല. ഇവിടെ കുറച്ച് തെരുവ് നായിക്കൾ ഉലാത്തുന്നുണ്ടായിരുന്നു. ജെഫ് ചാടിയിറങ്ങി അമ്മയ്ക്ക് കാറിന്റെ ഡോർ തുറന്നു കൊണ്ടുത്തു. ജാനെറ്റ് സാവധാനം ഇറങ്ങി കോറിഡോറിലൂടെ ഡോ. കോൾമാന്റെ മുറിയിലേക്ക് നടന്നു. ഇടയ്ക്ക് വേദന കൂടിയപ്പോൾ വയറും താങ്ങി ഭിത്തിയിൽ ചാരിനിന്നു. നീണ്ട കോറിഡോറിലെ ലയിറ്റുകൾ ഒന്നും പ്രകാഷിച്ചിരുന്നില്ല. സാവധാനം നടന്നു തുറന്നു കിടന്നിരുന്ന മൊനിറ്ററിംഗ് റൂമിലേക്ക് നോക്കി. നൂറു കണക്കിനു മോണിറ്ററുകൾ അതിൽ ചിലത് മാത്രം പ്രവർത്തിക്കുന്നു. ഒരു സ്ക്രീനിൽ അക്കങ്ങൾ പുറകൊട്ട്പായുന്നു **05:17:46**. ഇരുട്ട് നിറഞ്ഞ മുറിയിൽ മോണിറ്ററുകളിൽ നോക്കി ഒരാൾ ഇരിക്കുന്നു.

**‘DAAD’** .... ജെഫ് വിളിച്ചു.

വിളി കേട്ട് ഡോ.കോൾമാൻ തിരിഞ്ഞു നോക്കി. വാതിലിൽ ചാരി ജനെറ്റും. തന്റെ പോന്നുമോൻ ജെഫും. DR കോൾമാൻ ഓടി വന്ന് കൈ പിടിച്ചു. കുറ്റബോദം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഉൽസ്സാഹഭരിതനായിരുന്നു.

‘ഹോസ്പിറ്റലിൽ ചെല്ലാമായിരുന്നില്ലേ DR കോൾമാൻ ജനെറ്റിനോടായി ചോതിച്ചു.

‘അവിടെ ആരുമില്ല’. ഉത്തരം പറഞ്ഞത് ജെഫ്ഫാണ്.

DR കോൾമാൻ ഊഹിച്ചു ഈ സാഹജര്യത്തിൽ എവിടെയും ആരും കാണില്ല. ജനെറ്റ് ഒരപരിചിതാനെപ്പോലെ DR കോൾമാനെ നോക്കി. താടിയും മുടിയും വളർന്നു അഴുക്കു പിടിച്ച ഡ്രസ്സും. അദ്ദേഹം ജാനെറ്റിനെ താങ്ങി കസേരയിലിരുത്തി കൊണ്ട് പറഞ്ഞു.

‘നിങ്ങൾ പേടിക്കേണ്ടാ, ആ ഭീമൻ വരുന്ന വഴി ചൊവ്വയുടെ മൂണായ ടയ്മോസ്സിൽ ഇടിച്ചത്തിന്റെഭലമായി അതിന്റെ സഞ്ചാര പഥത്തിന്നു നേരിയ മാറ്റം സംഭവിച്ചു. എനിക്കിതാരെയും അറിയിക്കാൻ കഴിയുന്നില്ല.

ഒരു കൈ കൊണ്ട് ജാനെറ്റിനെ തലോടിക്കൊണ്ടും മറുകൈ കീ ബോർഡ് ചലിപ്പിച്ചും അദ്ദേഹം മോണിറ്ററിൽ കണ്ണ്നട്ടിരുന്നു. ഈ സമയം ജാനെറ്റും ജെഫും ഉറങ്ങിപ്പോയി. പെട്ടന്നു ജാനേറ്റുണർന്നു വേദന കൊണ്ട് കരഞ്ഞു. അദ്ദേഹം ജാനെറ്റിനെ താങ്ങി തനിക്കരികിലെ മേശയിലേക്ക് കിടത്തി. അപ്പോഴും അദ്ദേഹം മോണിറ്ററിൽ നിന്നും കണ്ണേടുക്കുന്നുന്ടായിരുന്നില്ല. എന്തോ കണ്ടുറപ്പിച്ചപൊൽ അദ്ദേഹം ഉറക്കെ പറഞ്ഞു


> ‘ആ ഭീമൻ ഒരു തീ ഗോളമായ് നമ്മുടെ അന്ധരീക്ഷത്തിൽ ചീറിയടുക്കുകയാണ്. നേർക്ക് നേർ കൂട്ടിയിടിക്കുള്ളസാദ്യത തീരെയില്ല. ഒന്നുരസ്സി പോകാനുള്ള സാദ്യത തള്ളികാളയാനുമാകില്ല.

കൌണ്ടൌൺ ക്ലോക്കിൽ ഇപ്പോൾ **01:11:34** ഒരുമണിക്കൂറും പതിനൊന്നു മിനിട്ടും മുപ്പത്തിനാല് സെക്കണ്ടും. DR.കോൾമാൻ കൂടുതൽ ഉൽസ്സാഹത്തോടെ ജെഫ്ഫിനോട്പറഞ്ഞു.

> ‘മോനെ പുറത്തു പോയിഎല്ലാവരോഡും പറയു നമ്മുടെ ഭൂമി സെവായെന്ന്. ജെഫ്ഫ് പുറത്തേക്കോടി.

അങ്ങ് വിജനമായ റോഡിൽ നിന്നവൻ അലറി നമ്മുടെ ഭൂമിരെക്ഷപ്പെട്ടന്ന് എന്റെ പപ്പാ പറഞ്ഞു. നമ്മുടെ ഭൂമിരെക്ഷപ്പെട്ടന്ന്....

അവിടെ റോഡിൽ ആരും അത് കേൾക്കാനില്ലയിരുന്നു. ആകുട്ടി റോഡിന്റെ മീടിയനിൽ തളർന്നിരുന്നു.




ജന്നെറ്റ് പ്രസ്സവവേതനയിൽ അലറികരഞ്ഞു. കൌണ്ടൌൺ ക്ലോക്കിൽ സമയം **00:17:12** . അസ്സഹ്യമായ വേതനക്കിടയിലും ജന്നെറ്റ് ജെഫിനെകാണാൻ വെമ്പൽകൂട്ടി. ജന്നെറ്റിനെ പിടിച്ച് കൊണ്ടുതന്നെ DR.കോൾമാൻ പുറത്തേക്കു നോക്കി ഉറക്കെവിളിച്ചു.

'ജെഫ്ഫ്.. ജെഫ്ഫ് ..കം ബാക്ക്.

പുറത്തേക്ക് പോയ ജെഫ്ഫിന്റെ ഒരു വിവരവുമില്ല. ജന്നെറ്റിന്റെ രോദനം ആ വലിയ ഹാളിൽ പ്രെദിദ്വനിച്ചു.

കൌണ്ടൌൻ ക്ലോക്കിൽ അവസാന മിനിട്ടുകൾ മന്നി തുടങ്ങി. മേശയിൽ കിടന്നുകുതറുന്ന ജന്നെറ്റിനെ അമർത്തി പിടിച്ചുകോണ്ട് DR.കോൾമാൻ അലറി വിളിച്ചു.

**ജെഫ്ഫ്.. ജെഫ്ഫ്..**

ഇരുണ്ടു നീണ്ട ഇടനാഴിയിൽ ജെഫ്ഫിന്റെ കാലൊച്ചകൾ. ഒരു കുളിർകാറ്റുപോലെ ജെഫ്ഫ്ആ മുറിയിലെക്കൊടികയറി. DR.കോൾമാൻ കയ്യെത്തിച്ചു ജെഫിനെപിടിച്ചു.

## ഡം......

അതുവരെ പ്രകാശിച്ചിരുന്ന മൊണിട്ടെറെല്ലം കണ്ണടച്ചു.

പൂർണാന്തകാരം . പൂർണ നിശബ്ദത.

പെട്ടെന്നൊരു പിഞ്ചു കുഞ്ഞിന്റെ കരച്ചിൽ അവിടം മാറ്റൊലികൊള്ളിച്ചു.

## അദ്ധ്യായം - 7

വലിയ എൽ സി ഡി ടീവിയിൽ ദൃശ്യങ്ങൾ കാണിക്കുന്നു . ടീവിക്ക് മുന്നിൽ കുറെ ജനങ്ങൾ . മിക്കവാറും എല്ലാവരും തന്നെ തണുപ്പിനെ ചെറുക്കുന്ന സ്വെറ്റ റുകളും കൊട്ടും ചിലരൊക്കെ കൈയുറയും ധരിച്ചിരിക്കുന്നു. ഇതൊന്നും ഇല്ലാത്തവർ കമ്പിളി പുതപ്പ് പുത്തച്ചിരിക്കുന്നു . എല്ലാവരും  ഉൽസ്സാഹത്തോടെ ടീവി കാണുക യാണ്. ആ ടീവിയിൽ അമേരിക്കൻ പ്രസിടണ്ടും മറ്റും ഇരിക്കുന്ന വലിയ സദസ്സ്. DR കോൾമാൻ മയ്ക്കിനു മുന്നിൽ വികാരദീനനായി സംസ്സാ രിക്കുന്നു.



" ആ വാൽ നക്ഷത്രം ചൊവ്വയുടെ മൂണ്മായികൂട്ടിയിടിച്ചപ്പോൾ അതിന്റെ സഞ്ചാര പഥത്തിനുണ്ടായ നേരിയ മാറ്റം ഭുമിയുമായുള്ള നേർക്ക് നേർ കുട്ടിയിടി ഒഴുവായെങ്കിലും ഭൂമിയുടെ ഗുരുത്ത്യുകർഷണം കാരണം ഭൂമിയെ തൊട്ടുരുമി ഒന്നുരസ്സി പോകേണ്ടതായിരുന്നു. പക്ഷെ അങ്ങിനെ സംഭവിച്ചില്ല. ഭൌമാന്തരീക്ഷത്തിൽ കോമെറ്റ് പ്രവേശിച്ച പാടെ ഇരു നക്ഷത്രങ്ങൾക്കും ഇടയിൽ കാന്തീക വികർഷണം പോലെ ഒരു പ്രതിഭാസം സംഭവിക്കുകയും ഒന്ന് മറ്റൊന്നിൽ നിന്ന് അകന്നു പോകുകയും ആണ് ഉണ്ടായത്. ഈ കാന്തീക വികർഷണത്തിൽ

ഭൂമി അൽപ്പം ഇടത്തേക്ക് 17 digri ചരിഞ്ഞു പോകുകയും ചെയ്തു. ഭൂമി ഒരു സാങ്കൽപ്പിക അച്ചുതണ്ടിലാണ് കറങ്ങി കൊണ്ടിരിക്കുന്നത് എന്ന് നിങ്ങൾ ക്കെല്ലവർക്കും അറിയാമെല്ലോ അതിന്റെഭലമായി ഭൂമധ്യ രേഘക്ക് മാറ്റം സംഭവിച്ചു. ഭൂമിയിൽ പുതിയ നോർത്ത് സൌത്ത് പോളുകൾ രൂപം കൊള്ളുകയും ചെയ്തു. നിർഭാഗ്യവശാൽ മിഡിലീസ്റ്റിന്റെ പടിഞ്ഞാറൻ മേഘലകൾ നോർത്ത് പോളായി മഞ്ഞുറഞ്ഞു പോകുകയും, അദേസമയം ആർട്ടിക്കിലെയും അന്റാർട്ടിക്കിലെയും മഞ്ഞുരുകി പ്ലെൻലാന്ടാകുകയും ചെയ്തു. മാത്രമല്ല പല ഭൂഘണ്ടങ്ങളുടെയും കലാവസ്ഥക്ക് മാറ്റം സംഭവിച്ചു. ഇന്ത്യ പോലുള്ള ദേശങ്ങൾ തണുത്ത കാലാവസ്ഥയായി.

ഇതു കണ്ടതും ടീവികണ്ടിരുന്നവർ കൈയ്യടിച്ച് ആരവം കൂട്ടി.

DR കോൾമാൻ തുടർന്നു.

'ഞാൻ പ്രദാനമായ ഒരു കാര്യം കൂടി ഈഅവസ്സരത്തിൽ നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഭൂമിയുടെ സര്വ്വനാശം ഉറപ്പുവന്ന ദിവസ്സങ്ങളിൽ ഇന്ത്യൻ ജ്യോതി ശാസ്ത്രം അവരുടെ

ജ്യോതിശാസ്ത്രപരമായ പ്രെദിവിദികൾ വിധി പ്രകാരം ചെയ്യുകയുണ്ടായി. ആ കർമ്മങ്ങലുടെയെല്ലാം ചുക്കാൻ പിടിക്കുകയും ത്യാഗനിർഭരമായ സേവനം നടത്തുകായും ചെയ്ത Mr വെങ്കിടേഷ് പ്രസാദ് ശർമക്ക് എന്റെ വെക്തിപരമായ പേരിലും മുഴുവൻ മനുഷ്യകുലത്തിന്റെ പേരിലും നന്ദി അറിയിക്കുന്നു.

ടീവിക്ക് മുന്നിലിരുന്ന സ്വെറ്റർഇട്ട ആളുകൾ ആർത്തിരമ്പി ഒരാളെ പൊക്കി എടുത്ത് മുകളിലെക്കെറിഞ്ഞു സന്തോഷംകൊണ്ട് ഉന്മാദമാടുന്നു.

ഇത് നടക്കുന്നത് ഇന്നലെവരെ കൊടും ചൂടായിരുന്ന വില്ലുപുരം എന്ന ഗ്രാമവും. സന്തോഷത്തിൽ പോക്കിയെടുക്കുന്നത്, സ്വെറ്ററും കമ്പിളിതൊപ്പിയുംധരിച്ച വെങ്കിയെയും. വെങ്കിയുടെ ഭാര്യ മൈഥിലി കൊട്ടും കൈയുറയും ധരിച്ചിരിക്കുന്നു.

DR കോൾമാൻ തുടർന്നു.

‘ഭുമദ്ദ്യരേഖക്കും അക്ഷാംശ രേഖാംശങ്ങൾക്കും മാറ്റം വന്നിരിക്കുന്നതിനാൽ ഇന്ത്യൻ ജ്യോതിശാസ്ത്രത്തിനു പുതിയ മൂല രേഖ ഉണ്ടാക്കെണ്ടാതായിട്ടിരിക്കുന്നു. Mr വെങ്കിടേഷ് പ്രസാദ് ശർമയുടെ നേതൃത്ത്വത്തിൽ അവർക്കത് കഴിയുമെങ്കിലും. അവരെ അതിൽ സഹായിക്കേണ്ടത് മുഴുവൻ ലോകത്തിന്റെയും കടമയാണെന്ന് ഞാൻ കരുതുന്നു. നമ്മുടെ പ്രസിഡന്റിന്റെ അനുവാദത്തോടെ ഞാൻ പറയുന്നു. അമേരിക്ക അതിനു പ്രതിക്ഞ്ഞാബദ്ത്തമാണ്.

ഇതുകേട്ട് സദസ്സിലും കേട്ടുകൊണ്ടിരുന്നവരും ഒരുമിച്ച് കൈയ്യടിച്ചു.

തുടർന്ന് അമേരിക്കാൻ പ്രസിഡണ്ട് മൈക്കിനു മുന്നിൽ വികാരാദീനനായി പറഞ്ഞു.

‘ആദുനീകശാസ്ത്രം പകച്ചു നിന്നപ്പോൾ ഇന്ത്യൻ ജ്യോതി ശാസ്ത്രം നൽകിയ സംഭാവനയാണ് ഇന്നീ ഭൂമിയും ഇവിടെ നിൽക്കുന്ന നമ്മളും. Mr വെങ്കിടേഷ് പ്രസാദ് ശർമ, താങ്കളെ അഭിനെന്ദിക്കാനും തങ്കളുടെ സാമിപ്യമനുഭവിക്കാനുമായി ഞങ്ങൾ ഇന്ത്യയിലേക്ക് വരുന്നുണ്ട്.

ഇതുകേട്ട് ആർത്തിരമ്പിയ ജനത്തിനു മുന്നിൽ വെങ്കി കൈകൂപ്പി കേണപേക്ഷിച്ചു ദയവു ചെയ്തെന്നേ പോക്കിയെടുത്തെറിയരുത്. ആര്

കേൾക്കാൻ...... എല്ലാവരും പാടിക്കൊണ്ട് വെങ്കിയെ പൊക്കി എടുത്ത് നൃത്തം ചെയ്തു ' ഉലകനായകനെ... ഉലകനായകനെ... ഉലകനായകനെ......

# A never ending end by Rajiv Nair

Mail: getrajivon@gmail.com